ANUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കോബ്യൻ

2010, JULY

YAKKOOBYAN MONTHLY



**പ. പൗലോസ് മാർ അത്താനാസ്യോസ് വലിയതിരുമേനിയുടെ മെത്രാഭിഷേക സ്ഥാനാരോഹണ ശതാബ്ദി ജൂൺ 13 ന് ആലുവായിൽ ആഘോഷിച്ചു.**

## തേക്കാട്ടിൽ എബ്രഹാം കോർ എപ്പിസ്ക്കോപ്പാ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷിച്ചു



റാന്നി: പൗരോഹിത്യവിളി സാമൂഹ്യ നന്മയ്ക്കായി വിനിയോഗിക്കുവാൻ കഴിയണമെന്നും സഭയുടെ സേവനം സമൂഹത്തിന് പ്രയോജനകരമായിത്തീരുവാൻ ജനസമൂഹം പുരോഹിതരോട് ചേർന്ന് നിൽക്കുന്നവരാകണമെന്നും ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവാ പ്രസ്താവിച്ചു. തേക്കാട്ടിൽ എബ്രഹാം കോറെപ്പിസ്ക്കോപ്പാ പൗരോഹിത്യ സുവർണ്ണ ജൂബിലി സമ്മേളനം റാന്നി വൈ.എം.സി.എ. ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബാവ.

സേവന മാതൃകയോടെ പ്രവർത്തിക്കുന്നവരാകണം പുരോഹിതരും ജനങ്ങളുമെന്ന് അദ്ധ്യക്ഷത വഹിച്ച സിംഹാസനപള്ളികളുടെ ഗീവർഗീസ് മോർ അത്താനാസ്സിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. പുരോഹിതർ സാമുഹ്യ പ്രതിബദ്ധതയുള്ളവരായി പ്രവർത്തിക്കണമെന്നും ജനങ്ങളിലേക്കിറങ്ങി ചെല്ലണമെന്നും ജീവകാരുണ്യനിധി ഉദ്ഘാടനം ചെയ്തുകൊണ്ട് ക്നാനായ ഭദ്രാസന ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലിത്താ ഉത്ബോധിപ്പിച്ചു.

പുരോഹിതൻ ദൈവത്തേയും മനുഷ്യനേയും ഭയന്ന് ജീവിക്കുന്നവരാകണമെന്നും പൗരോഹിത്യ നൽവരത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നവരായി ജീവിക്കണമെന്നും മുഖ്യപ്രഭാഷണം നടത്തിയ ഡോ. ഡി. ബാബു പോൾ പറഞ്ഞു. മാത്യൂസ് മോർ തേവോദോസിയോസ്, ഗീവർഗീസ് മോർ ബർന്നബാസ് ആന്റോ ആന്റണി എം.പി., രാജു ഏബ്രഹാം എം.എൽ.എ., ജോസഫ് എം. പുതുശ്ശേരി എം.എൽ.എ., എം.സി. ശാമുവേൽ കോറെപ്പിസ്ക്കോപ്പാ, എ.പി. ജോസഫ് കോറെപ്പിസ്ക്കോപ്പ, ഫാ. സാം ജി. വർഗീസ്, ഫാ. ജോസഫ് മതാംപറമ്പിൽ, ഫാ. മാത്യു പയ്യനാട്, ഫാ. പ്രസാദ് കുരുവിള, ഫാ. ബെൻസി മാത്യു, സി.ജെ. ഈശോ, ജേക്കബ് പി. തോമസ്, ഷാജി ഏബ്രഹാം, പി.എൻ. നീലകണ്ഠൻ നമ്പൂതിരി എന്നിവർ പ്രസംഗിച്ചു. രാവിലെ 8 ന് സെന്റ് മേരീസ് സിംഹാസന പള്ളിയിൽ ശ്രേഷ്ഠ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാന നടന്നു. ഗീവർഗീസ് മോർ അത്താനാസിയോസ്, മാത്യൂസ് മോർ തേവോദോസിയോസ്, കുറിയാക്കോസ് മോർ ഗ്രിഗോറിയോസ്, ഗീവർഗീസ് മാർ ബർന്നബാസ് എന്നിവർ കാർമ്മികത്വം വഹിച്ചു.

റാന്നി തേക്കാട്ടിൽ റ്റി.ഒ. ചെറിയാൻ-മറിയാമ്മ ദമ്പതികളുടെ മകനായി 1935 നവം 27 നു ജനിച്ച ഏബ്രഹാം അക്കാദമിക് വിദ്യാഭ്യാസത്തിനുശേഷം മഞ്ഞനിക്കര ദയറായിൽനിന്ന് സുറിയാനി പഠനവും വൈദീകവിദ്യാഭ്യാസവും നടത്തി, അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസ് ബാവ 1960 ഒക്ടോബർ 13 ന് വൈദീകപട്ടം നൽകി. മംഗലാപുരം ഹോണോവാർ, തുമ്പമൺ ഭദ്രാസനം, സിംഹാസനപള്ളികൾ എന്നിവിടങ്ങളിലായി മിക്ക എല്ലാ പള്ളികളുടേയും വികാരിയായിരുന്നു. കുറിയാക്കോസ് മാർ കൂറിലോസ് തിരുമേനി കാലം ചെയ്തപ്പോൾ തെക്കൻ ഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്ററും തുടർന്ന് ഭദ്രാസന സെക്രട്ടറിയുമായി. ഇപ്പോൾ പ്ലാങ്കമൺ, വാഴമുട്ടം വെസ്റ്റ്, വെള്ളിയറ പള്ളികളിൽ സേവനം അനുഷ്ഠിക്കുന്നു.

വൈ.എം.സി.എ എക്യൂമെനിക്കൽ പ്രസ്ഥാനങ്ങളുടെ നേതൃത്വം ഏറ്റെടുക്കുകയുണ്ടായി. നിലയ്ക്കൽ കൺവൻഷന്റേയും, റാന്നി യാക്കോബായ കൺവൻഷന്റേയും സ്ഥാപകനും കൂടിയാണ്. 1982 ലെ പ. പാത്രിയർക്കീസ് ബാവയുടെ ഭാരത സന്ദർശവേളയിൽ ബ. അച്ചനെ കോർ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്കുയർത്തി.

## ശ്രേഷ്ഠ കാതോലിക്ക ബാവ ബഹുമതി സമ്മാനിച്ചു

തിരുവനന്തപുരം: ഔദ്യോഗിക-സാമൂഹ്യ-എക്യൂമെനിക്കൽ രംഗങ്ങളിൽ നൽകിയ വിലപ്പെട്ട സേവനങ്ങളെ



മുൻനിർത്തി ഐ.എസ്.ആർ.ഒ. മെറ്റീരിയൽസ് വിഭാഗം ജനറൽ മാനേജരും സെന്റ് പീറ്റേഴ്സ് സിംഹാസന കത്തീഡ്രൽ അംഗവുമായ ഷെവ. കോശി എം. ജോർജിന് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ പ്രശസ്തിപത്രം സമ്മാനിച്ചു. യൂണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് എബങ്ങന്റെ ലൈഫ് ഇന്ത്യ, ബൈബിൾ സൊസൈറ്റി, സെന്റ് പോൾസ് മിഷൻ തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് അദ്ദേഹം നൽകുന്ന നേതൃത്വം ശ്ലാഘനീയമാണെന്ന് ശ്രേഷ്ഠ ബാവ പറഞ്ഞു. സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ നടന്ന ചടങ്ങിൽ മെത്രാപ്പോലീത്താമാരായ ഏലിയാസ് മാർ അത്താനാസിയോസ്, പൗലോസ് മാർ ഐറേനിയോസ്, വികാരി ഫാ. അനീഷ് ടി. വർഗീസ് എന്നിവർ പ്രസംഗിച്ചു.

## യു.സി.എം. പ്രാർത്ഥനാവർഷമായി പ്രഖ്യാപിച്ചു



തിരുവനന്തപുരം: യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് 2010-11 പ്രാർത്ഥനാവർഷമായി പ്രഖ്യാപിച്ചു. തലസ്ഥാനത്തു നടന്ന പ്രത്യേക സമ്മേളനത്തിൽ കേണൽ ഡോ. ഡി. ജയപോൾ പ്രാർത്ഥനാവർഷാചരണം ഉദ്ഘാടനം ചെയ്തു. യു.സി.എം. പ്രസിഡന്റ് ഷെവ. കോശി എം. ജോർജ് അധ്യക്ഷത വഹിച്ചു. പ്രാർത്ഥനയിലും കൂട്ടായ്മയിലും സഭൈകൃത്തിലും അധിഷ്ഠിതമായ പ്രവർത്തനപദ്ധതികൾ പ്രാർത്ഥനാവർഷത്തിൽ നടപ്പിലാക്കുമെന്ന് ഷെവ. കോശി എം. ജോർജ് പ്രസ്താവിച്ചു.

എഡിറ്റോറിയൽ

# പ. വലിയ തിരുമേനി – സ്വർഗ്ഗീയശോഭ പരത്തിയ ദിവ്യജോതിസ്സ്

“ഇറങ്ങിയവൻ സകലത്തേയും നിറയ്ക്കേണ്ടതിന് സ്വർഗ്ഗാധി സ്വർഗ്ഗത്തിനും മീതെ കയറിയവനും ആകുന്നു. അവൻ ചിലരെ അപ്പോസ്തോലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു” (എഫേ: 4:7–11). ശുശ്രൂഷകരെ ദൈവമാണ് നിയോഗിച്ചിരിക്കുന്നതെന്ന യാഥാർത്ഥ്യം സഭാവിശ്വാസികളും നിയോഗിക്കപ്പെട്ടവരും തിരിച്ചറിയണം. യേശുക്രിസ്തുവിന്റെ വലിയ നിയോഗവും അനുഗ്രഹവുമാണ് മേൽ ശുശ്രൂഷകർ. ദൈവീക ശുശ്രൂഷ ചെയ്യുന്നവന്റെ പ്രാർത്ഥനാജീവിതം, ജീവിതസാക്ഷ്യം, ആരാധനാജീവിതം വ്യക്തിബന്ധങ്ങൾ, ജനത്തെ നയിക്കുന്ന ശൈലി ഇവയെല്ലാം ശുശ്രൂഷയുടെ മേന്മയും മഹത്വവും വിളിച്ചറിയിക്കുന്നതാണ്. അതിനു മകുടോദാഹരണമാണ് ആലുവായിലെ വലിയ തിരുമേനി.

ദൈവനിയോഗത്താലും സ്വകർമ്മത്താലും വിശുദ്ധിയിലേക്കുയർന്ന ദിവ്യജ്യോതിസ്സാണ് വലിയ തിരുമേനി. തർക്കങ്ങളുടേയും കേസ്സുകളുടേയും നടുവിൽ സഭാനൗകയെ ക്ലേശങ്ങളേറെ സഹിച്ച് വിശ്വാസ സംരക്ഷണത്തിനായി കുരിശുമല കയറിയ വലിയ തിരുമേനിയുടെ സ്നേഹവും നിഷ്ക്കളങ്കതയും ലാളിത്യവും സംശുദ്ധമായ വ്യക്തിത്വവും അദ്ധ്യാത്മിക ചൈതന്യവും ജീവിതവിശുദ്ധിയും നിർമ്മലമായ ഹൃദയവും പ്രാർത്ഥനയിലും ഉപവാസത്തിലും പവിത്രീകൃതമായ മനസ്സും വിശുദ്ധിയുടെ നിറകുടമാക്കാൻ സഹായിച്ചു. മലങ്കരസഭയെ പ്രതിസന്ധികളിൽ അസാമാന്യമായ ഭരണനിപുണതകുറവിലും മുന്നോട്ടു വിജയകരമായി നയിച്ചു.

ദൈവസ്നേഹത്തിന്റെ സാന്നിദ്ധ്യമായി ജീവിതവിശുദ്ധിയും ദൈവഭക്തിയും സമ്മേളിച്ച ഈ സന്യാസിവര്യൻ ജീവിച്ചിരിക്കുമ്പോഴും കാലം ചെയ്തതിനുശേഷവും അനേകരുടെ ആശ്വാസമായിരുന്നു.

സുറിയാനി പാരമ്പര്യത്തിൽ വിശുദ്ധ പദവി പ്രഖ്യാപനം സാധാരണമല്ലെങ്കിലും വേദപുസ്തകപരമായി വിശുദ്ധർ എന്ന സംബോദന സർവ്വസാധാരണമാണ്. ഏക മഹാപരിശുദ്ധനായ ദൈവമായ കർത്താവ് കുരിശിൽ മരിച്ചത് മനുഷ്യരെ ദൈവീകരും വിശുദ്ധരുമാക്കിനായിരുന്നെങ്കിൽ ആ ഉദ്ദേശ്യത്തോടെ ജീവനും ജീവിതവും ഉഴിഞ്ഞുവെച്ച പിതാക്കന്മാരെ വിശുദ്ധരായി പ്രഖ്യാപിക്കുന്നതിൽ തെറ്റില്ല. തപസ്സിയുടെ ദിവ്യതേജസ്സ് പ്രാപിച്ച സർവ്വസംഗ പരിത്യാഗിയായ ആ പരമഭക്തന്റെ നാമം തുബ്ദേനിലും ചേർക്കപ്പെട്ടു.

വിശുദ്ധരും വിമർശനത്തിന്റെ മുൾമുനയിൽ നില്ക്കേണ്ടിവന്നിട്ടുണ്ട്. ക്രിസ്തുവിനുപോലും അതിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ കഴിഞ്ഞിട്ടില്ല. സുകൃതജീവിതംകൊണ്ടും നോമ്പിലും നമസ്ക്കാരത്തിലും നിഷ്ഠപുലർത്തിയും സ്വർഗ്ഗീയ നിർവൃതിയിൽ ജീവിതത്തെ വിശുദ്ധിയുടേയും വിശ്വാസത്തിന്റേയും കൊടുമുടിയിൽ എത്തിച്ച പരിശുദ്ധ വലിയ തിരുമേനിയുടെ പുണ്യനാമവും പവിത്രസ്മരണയും വെണ്മയിലും വിശുദ്ധിയിലും വിളങ്ങിനില്ക്കുന്നു. മരണത്തിലൂടെ വിണ്ണിലേക്ക് പറന്നുയർന്ന ദിവ്യാത്മാവിന്റെ പ്രഭയും പരിമളവും തൂകുന്നത്ത് മാത്രമല്ല ഒതുങ്ങി നില്ക്കുന്നത്.

അനുഭവിച്ച പീഢനങ്ങളും അനുഷ്ഠിച്ച വ്രതാനുഷ്ഠാനങ്ങളും സത്യവിശ്വാസ സംരക്ഷണത്തിനുവേണ്ടി ഏല്ക്കേണ്ടിവന്ന കഠിനയാതനകളും കഷ്ടനഷ്ടങ്ങളും പരിഹാസവും പീഢനങ്ങളും ഒരു സഹദായുടെ സ്ഥാനത്തേക്ക് അദ്ദേഹത്തെ ഉയർത്തി.

അന്ത്യോഖ്യാ സിംഹാസനത്തോടും പ. അന്ത്യോഖ്യാ പാത്രിയർക്കീസന്മാരോടുമുള്ള അചഞ്ചലമായ വിശ്വാസവും ബന്ധവും കൂറും പ. സിംഹാസനത്തിനുവേണ്ടി രക്തസാക്ഷിയാകാൻ പ്രേരണ നല്കി. അസാമാന്യ ഭരണാധികാരിയായിരുന്നില്ലെങ്കിലും പരമഭക്തനും നിഷ്ക്കളങ്കനുമായിരുന്നു തിരുമേനി. പുത്തൻ തലമുറയെ വിദ്യാർത്ഥിപ്രസ്ഥാനം വഴിയും സൺഡേസ്കൂൾവഴിയും വിശ്വാസത്തിലേക്കും ദൈവഭക്തിയിലേക്കും നയിക്കാൻ ഉത്സാഹിച്ച തിരുമേനി മരുഭൂമിയിൽനിന്ന് കനാൻ ദേശത്തേക്ക് ഇസ്രായേൽ മക്കളെ നയിച്ച മോശയെപ്പോലെ ഇടുങ്ങിയതും കല്ലും മുള്ളും വറ്റിവരണ്ടതുമായ പാതകളിലൂടെ സത്യത്തിന്റെ പാതയിലൂടെ സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം ജനങ്ങളിലേക്ക് പകർന്നു നല്കി നയിച്ചു.

നീതിന്യായ വ്യവസ്ഥയെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്ത തിരുമേനിക്കെതിരെ വിധി ഉണ്ടായപ്പോൾ എതിർത്തുനില്ക്കാതെ വിധി നടത്തിപ്പിനു കാത്തുനില്ക്കാതെ കിടപ്പറ ഉപേക്ഷിച്ച് എതിർ ഭാഗത്തിനു താക്കോൽ കൈമാറി പഴയ സിമ്മിനാരി വിട്ടു ഇറങ്ങിപ്പോകുകയാണുണ്ടായത്. ഹൃദയസ്പർശിയും അതിപവിത്രവുമായ ആരാധനയും കർമ്മാനുഷ്ഠാനങ്ങളും വർണ്ണനാതീതമായ വിശുദ്ധിയും പ്രാർത്ഥനാ ജീവിതവും സ്വർഗ്ഗശോഭ പരത്തി. ശുശ്രൂഷകളിലെ മധുരിമയും മനോഹാരിതയും ഭക്തിയും അറിവും അനുഭവവും ആഭിജാത്യവും അത്യഗാധ വേദശാസ്ത്ര–ദൈവശാസ്ത്ര–സുറിയാനി പാണ്ഡിത്യവും ലളിതവും കളങ്കരഹിതമായ പെരുമാറ്റവും തിരുമേനിയെ വലിയവനാക്കി.

വിശുദ്ധിയെ സ്വാംശീകരിച്ച പിതാവ് അണികളെ വിശുദ്ധിയുടെ പാതയിലൂടെ അത്ഭുതദ്യുതി വിതറി. അനേകർക്ക് പ്രകാശം ചൊരിഞ്ഞു. വിശ്വാസ ദാർഢ്യവും വ്രതാനുഷ്ഠാനങ്ങളും ദൈവീകത്വവും പരിശുദ്ധാത്മ നിറവും ത്യാഗമനസ്ഥിതിയും ലാളിത്യവും വിനയവും വിശുദ്ധന്റെ പദവിയെലെത്തിച്ച തിരുമേനി നല്ലപോർ പൊരുതി, വിശ്വാസം കാത്തു, ഓട്ടം തികച്ചും, നീതിയുടെ കിരീടത്തിനു യോഗ്യനായി. ദൈവയിഷ്ടവും ദൈവജനഹിതവും ഒരുപോലെ സ്വാംശീകരിച്ച പിതാവ് കപടമില്ലാത്ത യിസ്രായേല്യ

# നല്ല വ്യക്തിത്വത്തിന് പത്തുപായങ്ങൾ

**ആനി വി. തോമസ്**

ഓരോ ദമ്പതികൾക്കും കുടുംബം എന്ന സങ്കല്പം മനസ്സിൽ മുളയ്ക്കുമ്പോഴേ എന്റെ സന്തതികൾ എന്താവണം എന്ന സ്വപ്നം പൂവിട്ടുതുടങ്ങും. ഏറ്റവും നല്ല വ്യക്തിത്വം മക്കൾക്കുണ്ടാവണം എന്ന മത്സരം മക്കളെക്കുറിച്ച് മാതാപിതാക്കളുടെ മനസ്സിലും ഉണ്ടായിരിക്കും. ഞാൻ കണ്ട ലോകത്തിൽ നിന്നും ഞാൻ വരച്ചെടുത്ത വ്യക്തിത്വത്തിന്റെ മാർഗ്ഗരേഖ ഞാൻ കുറിക്കുന്നു. ഒരു മനുഷ്യൻ മനുഷ്യനാവാൻ ഒന്നുകിൽ അവൻ പരിപൂർണ്ണ ബ്രഹ്മചര്യം അനുഷ്ഠിക്കണം. അല്ലെങ്കിൽ ഏറ്റവും വിശ്വസ്തമായ പങ്കാളിയെ കിട്ടണം എന്ന മഹത്തായ സത്യം ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അതിലൂന്നി നിന്നുകൊണ്ട് ഒരു നല്ല വ്യക്തിയുടെ പത്തു പ്രമാണങ്ങൾ അവതരിപ്പിക്കുകയാണ്. ഇത് എന്റെ മാത്രം സൂത്രവാക്യം: മിനിമം അജണ്ടയും എന്നുകൂടി ഓർത്തിരിക്കുക.

– ഒരു നല്ല വ്യക്തി.

1. ഉറപ്പുള്ള അടിസ്ഥാനങ്ങളുള്ളവനായിരിക്കണം
– അടിസ്ഥാനങ്ങളിളകിയാൽ നീതിമാൻ എന്തുചെയ്യും?
2. ആത്മവിശ്വാസം ഉള്ളവനായിരിക്കണം.
– സ്വന്തം മനസ്സാക്ഷി കുറ്റപ്പെടുത്തുന്ന ഒരു വ്യക്തിക്ക് ആത്മവിശ്വാസം ഉണ്ടാകുകയില്ല.
3. ശാന്തശീലനായിരിക്കണം.
– ശിശുവിനെപ്പോലെ നിഷ്കളങ്കനാകാതെ ശാന്തനാകുക സാധ്യമല്ല.
4. സൗമ്യനായിരിക്കണം.
– പ്രകോപനങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യാനുള്ള പക്വതയില്ലാതെ സൗമ്യത അസാധ്യമാണ്.
5. പരമാർത്ഥിയായിരിക്കണം.
– വിശ്വസ്തതയും സത്യസന്ധതയുള്ളയും കൂടാതെ പരമാർത്ഥത സൂക്ഷിക്കാനെങ്ങനെ കഴിയും?
6. നീതിമാനായിരിക്കണം.
– ബൈബിൾ അഥവാ സന്മാർഗ്ഗതത്വങ്ങൾ പഠിക്കാതെ നീതി എന്താണെന്ന് എങ്ങനെ പഠിക്കും?
7. യോശുവായെപ്പോലെ ആരും എതിരില്ലാത്തവൻ ആയിരിക്കണം.
– ആഗ്രഹങ്ങളില്ലാത്ത ജീവിതം അസാധ്യമാണെങ്കിൽ ആഗ്രഹിക്കുന്നതിനെല്ലാം എതിരവകാശം പറയാൻ ആളുണ്ടായാൽ എതിരാളി ഇല്ലാതെ വരുന്നതെങ്ങിനെ? (സ്വാർത്ഥത പരിത്യജിക്കാതെ എങ്ങനെ?)
8. അനുകരണീയനായിരിക്കണം.
– ഒരു തെറ്റുപോലും ചെയ്യില്ലാത്ത ഒരു വ്യക്തിയെ മാത്രമല്ലേ മാതൃകയാക്കുവാൻ കഴിയൂ.
9. പിൻഗാമികളാവാൻ ആളുണ്ടാവണം.
– നേട്ടങ്ങൾ കൊയ്യാത്ത ജീവിതത്തിന് പിൻഗാമികളെ കിട്ടില്ല. നടപ്പിൽ നീതികരിക്കാൻ കഴിയാത്തവനെ ആരും പിൻചെല്ലുകയില്ലല്ലോ.
10. ജീവാവസാനം താൻ നല്ലവനായിരുന്നുവെന്നു തെളിയിക്കുവാൻ കഴിയണം.
– ഒരുവന്റെ ജീവാവസാനം ഓർത്ത് അവന്റെ നടപടികളെ ശരിവയ്ക്കാവൂ എന്നല്ലോ ആപ്തവാക്യം.

സമസ്യ – ഇത്രയും നേടാൻ എന്തുചെയ്യും?

ഉത്തരം: ക്രിസ്തു പഠിപ്പിച്ചതുമാത്രം: "ദൈവരാജ്യം സമീപിച്ചുവന്നിരിക്കയാൽ അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ."

വിശ്വാസം – സ്നേഹം – അനുസരണം – പ്രവൃത്തി – നീതികരണം – ജീവകിരീടം (1 തിമൊ. 6:11,12).

---

നെപോലെ താഴേക്ക് നോക്കി സഭാശുശ്രൂഷ നടത്താതെ ഉയരങ്ങളിലേക്ക് ദൃഷ്ടി ഉയർത്തി ശക്തിപ്രാപിച്ച് സഭയുടെ ഭിത്തിയെ ശിലമേൽ നിർത്തി ബലവത്താക്കി. കരുതലും കരുണയും അലിവും ആർദ്രതയും അറിവും നിറവുള്ള ഈ മല്പാൻ സുറിയാനിക്കാരുടെ തൂണും കിരീടവുമായി മരിച്ചാലും ജീവിക്കുന്ന ദൈവപുരുഷനായി മാറി.

സത്യത്തിനും സത്തക്കുംവേണ്ടി അറിയോസിന്റെ ശീശ്മക്കെതിരെ പോരാടിയ നാലാം നൂറ്റാണ്ടിലെ വലിയ മാർ അത്താനാസ്യോസിന്റെ പിൻഗാമിയായി 20-ാം നൂറ്റാണ്ടിലുണ്ടായ മറ്റൊരു ശീശ്മക്കെതിരെ പൊരുതിയ മറ്റൊരു വലിയ മാർ അത്താനാസ്യോസാണ് വലിയ തിരുമേനി. ആഢംഭരവും അധികാര പ്രമത്തതയുമില്ലാതെ വ്യക്തിജീവിതത്തിൽ അന്തസ്സും ആഭിജാത്യവും പുലർത്തി തിളക്കമാർന്ന ജീവിതത്തിലൂടെ മലങ്കര സഭയിൽ സുഗന്ധവും സുശോഭയും പരത്തിയ ദിവ്യനക്ഷത്രമായി പരിലസിച്ചു. പ്രതിസന്ധികളെ കണ്ണീരോടെ പ്രാർത്ഥനയോടെ നേരിട്ടു. വാക്കിലും നടപ്പിലും പ്രവർത്തിയിലും പരമഭക്തിയുടെ പരിശുദ്ധി നിറഞ്ഞുനിന്നിരുന്നു. അസാധാരണ സിദ്ധികളുണ്ടായിരുന്ന തിരുമേനി കഷ്ടപ്പാടിന്റെ കയ്പും കാടിയും കുരിശും വഹിച്ച് കപടമില്ലാത്ത യിസ്രായേല്യനായി ദൈവജനത്തെ തൃക്കൈവാഴ്ത്തി അനുഗ്രഹിക്കുമ്പോഴും ദൈവജനം അദ്ദേഹത്തെ ഭയവും ഭക്തിയും ആദരവും സ്നേഹവും കൊണ്ട് പൊതിഞ്ഞിരുന്നു.

സഭക്കും സമൂഹത്തിനും അഭിമാനവും ആഹ്ലാദവുമായി പൗരോഹിത്യ നൽവരങ്ങളുടെ പരിപൂർണ്ണത അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നാണെന്ന് ഉറച്ച് വിശ്വസിക്കുകയും പഠിപ്പിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും തിളക്കമാർന്ന ജീവിതത്തിലൂടെ ഉദയസൂര്യന്റെ ഉജ്ജ്വലശോഭ പരത്തിക്കൊണ്ട് ദൈവസന്നിധിയിൽ സഭാമക്കൾക്കുവേണ്ടി പക്ഷപാതം ചെയ്തുകൊണ്ടിരിക്കുന്നു. ആ മഹാപരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം തേടാം.



**അലക്സാണ്ടർ കാരയ്ക്കാട്**
**എഡിറ്റർ**

# വിശുദ്ധന്മാരും തിരുശേഷിപ്പുകളും യാക്കോബായ വീക്ഷണത്തിൽ

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

സഭ ജീവനുള്ളവരുടെ കൂട്ടായ്മ സമൂഹമാണ്. ആ സമൂഹത്തിൽ ഈ ഭൂമിയിൽ ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരും ഉൾപ്പെടുന്നു. ജീവനുള്ളവരും വാങ്ങിപ്പോയവരും പിതാവാം ദൈവത്തിന്റെ സ്നേഹത്തിന്റെ ഐക്യത്തിൽ ഒന്നായി നിലകൊള്ളുന്നു. ജീവനോടിരുന്നാലും മരിച്ചാലും സഭാംഗങ്ങൾ എന്ന നിലയിൽ ഒരു കുടുംബമായി നിന്ന് അന്യോന്യം ഭാരങ്ങളെ വഹിക്കുന്ന ചുമതലയാണ് നമുക്കുള്ളത്. പരിശുദ്ധ ത്രിത്വത്തിന്റെ പ്രതിബിംബവും യേശുക്രിസ്തുവിന്റെ ശരീരവും പരിശുദ്ധാത്മാവിന്റെ മന്ദിരവുമായ സഭയിൽ എല്ലാ അംഗങ്ങളും ജീവനുള്ള കല്ലുകളായി സ്ഥിതി ചെയ്യുകയും പണിയപ്പെടുകയും ചെയ്യുന്നു. ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമായ സഭ വിശുദ്ധരുടെ സമൂഹമാമ്. സഭയ്ക്ക് നൽകിയിരിക്കുന്ന ഈ നിർവ്വചനങ്ങൾ വിശുദ്ധരുടെ മദ്ധ്യസ്ഥതയ്ക്ക് സഭയിൽ പ്രത്യേകമായ സ്ഥാനം നൽകുന്നു.

പരിശുദ്ധ ത്രിത്വം ആദിമുതൽ അവസാനം വരെയുള്ള എല്ലാവരേയും തന്നിൽ ബന്ധിപ്പിക്കുന്നു. ഓരോ തലമുറയിലുമുള്ള വിശുദ്ധർ തങ്ങൾക്കു മുന്നാലെ കടന്നുപോയവരുമായി പ്രകാശത്താൽ യോജിക്കുന്നു. ഇതൊരു സുവർണ്ണ ചങ്ങലയാണ്. ഈ ചങ്ങലയിൽ ഓരോ വിശുദ്ധനും (വിശുദ്ധയും) പ്രത്യേകമായ കണ്ണിയാണ്. ഓരോ കണ്ണിയും അടുത്ത കണ്ണിയുമായി വിശ്വാസത്തിലും പ്രവർത്തിയിലും ദൈവസ്നേഹത്തിലും ഐക്യപ്പെടുന്നു. അങ്ങനെ ഏക ദൈവത്തിൽ ഒരിക്കലും വേർപെടുത്താൻ കഴിയാത്ത വലിയ സ്വർണ്ണ ചങ്ങലയായി വിശുദ്ധരുടെ സമൂഹം രൂപപ്പെടുന്നു.

ഈ ചങ്ങല പരസ്പര സ്നേഹത്തിന്റേയും പ്രാർത്ഥനയുടേയും ചങ്ങലയാണ്. ഈ ചങ്ങലയിൽ നിന്ന് ഒരു കാരണവശാലും വേർപെടുത്താൻ കഴിയാത്ത വിധത്തിൽ ഈ ഭൂമിയിൽ ജീവിക്കുന്ന സഭാമക്കൾ വിശുദ്ധരായി വിളിക്കപ്പെട്ടുകൊണ്ട് ചേർക്കപ്പെട്ടിരിക്കുന്നു.

വി. വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നതുപോലെ ഒരുവനുവേണ്ടി മറ്റൊരുവൻ പ്രാർത്ഥിക്കുന്ന അവസ്ഥയാണ് മദ്ധ്യസ്ഥ പ്രാർത്ഥന (യാക്കോ. 5:16; 2 തെസ്സ. 3:1; എബ്രാ. 13:8; എഫേ. 6:18-19). അതുകൊണ്ട് മദ്ധ്യസ്ഥ പ്രാർത്ഥന തെറ്റാണെന്ന് ആർക്കും വാദിക്കുവാൻ സാധിക്കുകയില്ല. മറ്റുള്ളവർക്കുവേണ്ടിയുള്ള മനുഷ്യന്റെ പ്രാർത്ഥന-അത് വാങ്ങിപ്പോയവരായാലും-മനുഷ്യർ തമ്മിലുള്ള പങ്കിടുന്ന ദൈവീക സ്നേഹത്തിന്റെ നിദർശനമാണ്.

**കർത്താവെന്ന ഏക മദ്ധ്യസ്ഥൻ**

കർത്താവായ യേശുക്രിസ്തു ഏക മദ്ധ്യസ്ഥനാണെന്നും (1 തിമോത്തി. 2:5-6; യോഹ. 2:1-2) ആകയാൽ വിശുദ്ധ കന്യകമറിയാമിനോടും വിശുദ്ധരോടുമുള്ള സംസർഗ്ഗം വേദവിപരീതമാമെന്നും പഠിപ്പിക്കുന്ന ചില സംഘടനകളും തത്വചിന്തകളും നമ്മുടെ ചുറ്റുപാടും ഉണ്ട്. ഈ പഠിപ്പിക്കലിനെതിരെ ശക്തമായി മുന്നോട്ടു പോകേണ്ടത് സത്യവിശ്വാസികളുടെ കടമയാണ്.

യഥാർത്ഥത്തിൽ കർത്താവിന്റെ മദ്ധ്യസ്ഥതയും വിശുദ്ധരുടെ മദ്ധ്യസ്ഥതയും തമ്മിൽ തുല്യത കല്പിക്കുന്ന സംഘടനകളുടെ ചിന്തയാണ് വേദവിപരീതം. കർത്താവിന്റെ മദ്ധ്യസ്ഥത പാപപരിഹാരത്തിന്റെ മദ്ധ്യസ്ഥതയാകുന്നു. പാപപരിഹാരം നൽകുന്നവനായിരിക്കെ നമുക്കു വേണ്ടിയും നമ്മുടെ കടങ്ങളുടെ പരിഹാരത്തിനുവേണ്ടിയും അവൻ തനനെ മദ്ധ്യസ്ഥനാകുന്നു. യെശയ്യാ 53:6ൽ പറയുന്നതുപോലെ നമ്മുടെ അകൃത്യങ്ങളെല്ലാം അവന്റെമേൽ ചുമത്തി അങ്ങനെ മനുഷ്യനും ദൈവത്തിനും ഇടയിലുള്ള ഏക മദ്ധ്യസ്ഥനായി കർത്താവ് നിൽക്കുന്നു. യോഹന്നാൻ ശ്ലീഹായുടെ വചനത്തിന്റെ അർത്ഥവും ഇതു തന്നെയാണ്. "ഒരുവൻ പാപം ചെയ്തുവെങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പ്രായശ്ചിത്തം ആകുന്നു" (1 യോഹ. 2:12). ഇവിടെ പാപപരിഹരപ്രദമായ മദ്ധ്യസ്ഥതയുടെ അർത്ഥം വളരെ വ്യക്തമാണ്. ഇത് പാപിക്കുവേണ്ടിയുള്ള മദ്ധ്യസ്ഥതയാണ്. യേശുക്രിസ്തു മാത്രമാണ് പാപപരിഹാരം നൽകിയ നീതിമാൻ. എല്ലാ മനുഷ്യരുടേയും നിത്യമായ രക്ഷയ്ക്കുവേണ്ടി ദൈവമായിരുന്നിട്ടും മനുഷ്യത്വം സ്വീകരിച്ച് കാൽവറിയിൽ ജീവൻ ബലിയർപ്പിച്ച യേശുക്രിസ്തു എല്ലാവരേയും പിതാവാം ദൈവവുമായി രമ്യപ്പെടുത്തി. എല്ലാവരും നിത്യാനന്ദം അനുഭവിക്കണം എന്നത് ദൈവം ആഗ്രഹിക്കുന്ന ഒരു പരമസത്യമാണ്. അതിന്റെ തെളിവായിട്ടാണ് സ്വപുത്രനെ പീഢാനുഭത്തിനും കുരിശുമരണത്തിനുമായി താൻ ഏല്പിച്ചുകൊടുത്തത്.

വെള്ളിയും പൊന്നും കൊണ്ടല്ല; സ്വന്തപുത്രന്റെ രക്തം കൊണ്ടാണ് ദൈവം എല്ലാ മനുഷ്യർക്കും രക്ഷ സാദ്ധ്യമാക്കിയത് (1 പത്രോ. 1:19). ആകയാൽ ഏത് ക്രൂരപാപിക്കുവേണ്ടിയും കുടില ഹൃദയനുവേണ്ടിയും യേശുക്രിസ്തുവിൽ നാം നിർവ്വഹിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥന ദൈവത്തിന് പ്രീതിജനകവും ഫലദായകവുമാണ് (യോഹ. 16:23). അവനവൻ ജീവനോടിരിക്കുമ്പോൾ ചെയ്തത് നല്ലതായാലും തീയതായാലും അതതിന് തക്ക പ്രതിഫലം ലഭിക്കും (2 കൊരി. 5:10) എന്നുള്ളത് ദൈവനീതിയുടെ വ്യാപ്തി കാണിക്കും എങ്കിലും ലോകത്തിനുവേണ്ടി ജീവൻ വച്ച ഏക മദ്ധ്യസ്ഥനായ യേശുക്രിസ്തുവിൽ ദർശിക്കുന്ന അതുല്യ സ്നേഹം എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ നമ്മെ നിരന്തരമായി സഹായിക്കുന്നു. ഇതാണ് കർത്താവ് മദ്ധ്യസ്ഥൻ എന്ന വാക്കിന്റെ അർത്ഥം.

ഇത് അന്യോന്യം പ്രാർത്ഥിക്കുന്ന വിശുദ്ധരുടെ ഇടയിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിൽ നിന്ന് വളരെ വിഭിന്നവും ഒരു കാരണവശാലും കൂട്ടിക്കുഴയ്ക്കുവാൻ പാടില്ലാത്തതുമാകുന്നു.

**വിശുദ്ധർക്ക് ദൈവവുമായുള്ള അടുപ്പം**

വിശുദ്ധർക്ക് ദൈവത്തോട് പ്രത്യേക അടുപ്പം ഉണ്ട്. ചില സമയങ്ങളിൽ അവരുടെ മദ്ധ്യസ്ഥത കൂടാതെ തന്നെ അവരുടെ പേരിൽ മറ്റുള്ളവർക്ക് ദൈവം കൃപ നൽകുന്നു എന്നത് വേദപുസ്തക യാഥാർത്ഥ്യമാണ്. ഉദാഹരണമായി, ശലോമോൻ പാപം ചെയ്തപ്പോൾ തന്റെ രാജത്വം തന്നിൽനിന്ന് പറിച്ച് തന്റെ ഭൃത്യനു കൊടുക്കുവാൻ ദൈവം തീരുമാനിച്ചു. എന്നിരുന്നാലും ദൈവം പറഞ്ഞു: "എങ്കിലും നിന്റെ അപ്പനായ ദാവീദിന്റെ നിമിത്തം ഞാൻ നിന്റെ ജീവിതകാലത്ത് അത് ചെയ്യുകയില്ല. എന്നാൽ നിന്റെ മകന്റെ കയ്യിൽനിന്നും അതിനെ പറിച്ചുകളയുമെങ്കിലും രാജത്വം മുഴുവനും പറിച്ചുകളയാതെ എന്റെ ദാസനായ ദാവീദിന്റെ നിമിത്തവും ഞാൻ തിരഞ്ഞെടുത്ത യെരുശലേമിൽ നിമിത്തവും ഒരു ഗോത്രത്തെ ഞാൻ നിന്റെ മകനു കൊടുക്കും" (1 രാജാ. 11:12-13). 1 രാജാക്കന്മാർ 11-ാം അദ്ധ്യായത്തിൽ മറ്റു മൂന്നു ഭാഗത്തും (31,32,34 വാക്യങ്ങൾ) ഇതുതന്നെ ദാവീദിനെക്കുറിച്ച് പ്രതിപാദിക്കുന്നു. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ "നിന്റെ ദാസനായ ദാവീദിന്റെ നിമിത്തം നിന്റെ അഭിഷിക്തമുഖം തിരിപ്പിച്ചു കളയരുതേ" എന്ന് പ്രാർത്ഥിക്കുന്നത് (സങ്കീ. 132:10).

ദാവീദിന് ദൈവത്തോടും ദൈവത്തിന് ദാവീദിനോടും ഇത്രമാത്രം സ്നേഹപരമായ അടുപ്പം ഉണ്ടെങ്കിൽ വി. കന്യകമറിയാം, മാലാഖമാർ, സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ വലിയവനായ യോഹന്നാൻ സ്നാപകൻ തുടങ്ങിയ വിശുദ്ധരോടും ദൈവത്തിനുള്ള അടുപ്പം എത്രമാത്രമായിരിക്കും എന്നത് ചിന്തിക്കേണ്ട വസ്തുതയാണ്.

വിശുദ്ധരുടെ മദ്ധ്യസ്ഥത സ്വർഗ്ഗവാസികളുടേയും ഭൂവാസികളുടേയും സംസർഗ്ഗത്തിനുള്ള വലിതയും ബലമേറിയതുമായ ഒരു പാലമാണ്. സ്വർഗ്ഗം ഭൂവാസികൾ അറിയുവാൻ പാടില്ലാത്തതോ ഭയപ്പെടുത്തുന്നതോ ആയ ഒരു സ്ഥലമല്ല. വാങ്ങിപ്പോയ വിശുദ്ധരുടെ സ്നേഹം പങ്കിടുവാനും നിത്യസന്തോഷം പങ്കിടുവാനുമുള്ള സ്ഥലമാണത്. അത് രൂപാന്തരത്തിന്റെ സ്ഥലമാണ്. മറുരൂപമലയിൽ മോശയും ഏലിയായും കർത്താവിന്റെ മുമ്പാകെ പ്രത്യക്ഷരാകുന്നു. മോശ കർത്താവിന് പതിനാലു നൂറ്റാണ്ട് മുമ്പ് മരിച്ച ആളും ഏലിയാ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ആളുമാണ്. അവരുടെ സജീവാവസ്ഥ പറുദീസായുടെ അവസ്ഥയാണ്. അബ്രാഹാമിന്റെ ഇസ്സഹാക്കിന്റേയും യാക്കോബിന്റേയും മടിയിലിരിക്കുന്ന വിശുദ്ധ സമൂഹം ജീവനുള്ള ദൈവമായ കർത്താവിനോടുകൂടി പറുദീസായിൽ ആനന്ദിക്കുന്ന അനുഭവം നമ്മുടെ വിശുദ്ധരോടുള്ള മദ്ധ്യസ്ഥതയ്ക്കു ശക്തികൂട്ടുന്നു.

**വിശുദ്ധരോടുള്ള മദ്ധ്യസ്ഥത ദൈവാരാധനയ്ക്കു തുല്യം**

ആരാധന (adoration/worship) ദൈവത്തിന് മാത്രമല്ലാതെ മറ്റാർക്കും നാം നൽകുകയില്ല. സർവ്വ ചരാചരസൃഷ്ടാവും ആദിയും അന്തവുമില്ലാത്ത കാരുണ്യവാനും സ്നേഹവുമായ ത്രിയേക ദൈവത്തെ മാത്രമേ യാക്കോബായ സഭാവിശ്വാസികൾ ആരാധിക്കുകയുള്ളൂ. സഭ ദിനംപ്രതി ആവർത്തിച്ചുപറയുന്ന വിശ്വാസപ്രഖ്യപനത്തിൽ ഈ പരമസത്യം ആവിഷ്കൃതമായിരിക്കുന്നു. അതിനാൽ ഏകദൈവമായ വി. ത്രിത്വത്തെയല്ലാതെ മറ്റാരെയെങ്കിലും യാക്കോബായ വിശ്വാസികൾ ആരാധിക്കുന്നു എന്ന ആശങ്ക ആർക്കും ഉണ്ടാകുവാൻ പാടില്ല. ഏക ദൈവാരാധനാ സഭയുടെ പ്രഥമ പ്രമാണമാണത്. ആ പ്രമാണത്തിന്റെ അനുസരണത്തിൽ സഭാമക്കൾ മറ്റെല്ലാവരേക്കാൾ ജാഗരൂഗരായിരിക്കണം.

മനുഷ്യാവതാരം ചെയ്ത കർത്താവിന്റെ അമ്മയായ വി. മറിയാമിനോടും വിശുദ്ധന്മാരോടുമുള്ള വന്ദന (veneration) ഏക ദൈവാരാധനയ്ക്ക് വിരുദ്ധമായ ഒരു കാര്യമായി മാറുവാൻ പാടില്ല. സഭാമക്കളായ ഒരാളുപോലും വിശുദ്ധരെ ദേവന്മാരോ ദേവിമാരോ ആയി കാണുന്നില്ല. നിരക്ഷരകുക്ഷിയായ ഒരു വൃദ്ധയോ വൃദ്ധനോ പോലും ഈ കാര്യത്തിൽ ശ്രദ്ധാലുക്കളായിരിക്കണമെന്നത് സഭാജീവിതത്തിന്റെ അടിസ്ഥാന പ്രമാണമാണ്. ആകയാൽ വാങ്ങിപ്പോയ വിശുദ്ധരും ശുദ്ധിമതികളും സഭാംഗങ്ങളാകയാൽ നാം അവർക്കുവേണ്ടിയും അവർ നമുക്കുവേണ്ടിയും ദൈവസന്നിധിയിൽ നടത്തുന്ന മദ്ധ്യസ്ഥ പ്രാർത്ഥനകളും ധൂപപ്രാർത്ഥനകളും നമുക്കും അവർക്കും അനുഗ്രഹങ്ങൾക്ക് കാരണമായിരിക്കുകയാണ് ചെയ്യുന്നത്.

**വിശുദ്ധരും തിരുശേഷിപ്പുകളും**

വിശുദ്ധരുടെ തിരുശേഷിപ്പുകൾക്ക് സഭയിൽ പ്രത്യേകമായ സ്ഥാനമുണ്ട്. മാർത്തോമാ ശ്ലീഹ, മാർ കുര്യാക്കോസ് സഹദാ, മാർബഹനാം സഹദാ, പ. പരുമല തിരുമേനി തുടങ്ങി പല വിശുദ്ധന്മാരുടേയും തിരുശേഷിപ്പുകൾ മലങ്കര സഭയിലെ വിവിധ പള്ളികളിലായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട്. ജീവനോടെ ഭൂമിയിൽ താമസിച്ചപ്പോൾ തങ്ങളുടെ പ്രാർത്ഥനകൾ, പഠിപ്പിക്കലുകൾ എന്നിവ മൂലവും, മരണശേഷം ദേവാലയങ്ങളോട് ചേർത്ത് അടക്കപ്പെട്ടിരിക്കുന്ന തങ്ങളുടെ തിരുശേഷിപ്പുകൾ വഴിയും അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ദൈവകൃപമൂലം വിശുദ്ധർക്ക് സാധ്യമാകുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. വിശുദ്ധന്മാരുടെ തിരുശേഷിപ്പുകളിലൂടെ ദൈവത്തിന്റെ അനുഗ്രഹങ്ങളും സൗഖ്യപ്രാപ്തിയും ലഭിക്കുന്നത് വേദപുസ്തകസാക്ഷ്യമാണ്. എലീശാ മരിച്ചു. യിസ്രായേൽ അവനെ അടക്കം ചെയ്തു. അടുത്ത വർഷം മോവാബ്യരുടെ പടക്കൂട്ടങ്ങൾ ദേശത്തെ ആക്രമിച്ചു. ചിലർ ഒരു മനുഷ്യനെ അടക്കം ചെയ്യുമ്പോൾ പടക്കൂട്ടത്തെ കണ്ടിട്ട് അയാളെ എലീശായുടെ കല്ലറയിൽ ഇട്ടു. അവൻ അതിൽ വീണ് എലീശായുടെ അസ്ഥികളെ തൊട്ടപ്പോൾ ജീവിച്ചു കാലൂന്നി എഴുന്നേറ്റു.

വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നതിന് വേദപുസ്തകാടിസ്ഥാനം ഉണ്ട്. യിസ്രായേൽ മക്കൾ മിസ്രയിം വിട്ട് പുറപ്പെട്ടപ്പോൾ തങ്ങളുടെ

# പെന്തിക്കൊസ്തിക്കുശേഷം അഞ്ചാം ഞായറാഴ്ച

(മർക്കോ. 9:30 - 41; മത്തായി 20:17 - 28; ലൂ. 9:10 - 17)

സന്ധ്യയുടെ ഏവൻഗേലിയോനിലും പ്രഭാതത്തിന്റെ ഏവൻഗേലയോനിലും, താൻ മരിച്ചു മൂന്നാം ദിവസം ഉയർക്കുമെന്നു കർത്താവ് പറഞ്ഞ കാര്യവും, ശ്ളീഹാന്മാരുടെയിടയിൽ തങ്ങളിൽ ആരാണ് വലിയവനെന്നു തർക്കമുണ്ടായ കാര്യവും അവരിൽ രണ്ടു പേർ കർത്താവിന്റെ ഇടത്തും വലത്തും ഇരിപ്പാനാഗ്രഹിച്ച കാര്യവും ഒരു ശിശുവിനെ വിളിച്ചുനിർത്തി അവനെപ്പോലെയായിത്തീരണമെന്നു പറഞ്ഞ കാര്യവും കാണുന്നു.

വിശുദ്ധ കുർബാനയുടെ ഏവൻഗേലിയോനിൽ കഴിഞ്ഞ ഞായറാഴ്ചത്തേപ്പോലെ അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ പോറ്റിയ കാര്യം കാണുന്നു.

കർത്താവ് മരിച്ചാൽ മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കും എന്നു പലരോടും പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ലോകത്തിലെ മഹാന്മാരെങ്കിലുമോ മതസ്ഥാപകരിലാരെങ്കിലുമോ അങ്ങനെ പറഞ്ഞിട്ടില്ല. ഉർത്തെഴുന്നേറ്റിട്ടുമില്ല. ഹിന്ദുമതത്തിൽ അവതാരങ്ങളെന്നു പറയുന്ന ശ്രീരാമനോ ശ്രീകൃഷ്ണനോ ബുദ്ധമതസ്ഥാപകനായ ശ്രീബുദ്ധനോ മുഹമ്മദ് നബിയോ സൊറവാസ്റ്ററോ, ജിനനോ, കൺഫ്യൂഷ്യസോ ആരും മരിച്ചിട്ടു ഉയർത്തെഴുന്നേറ്റില്ല. അതിനാൽ തന്നെ നമ്മുടെ ആരാധനാമൂർത്തിയും മതസ്ഥാപകനുമായ കർത്താവ് മറ്റെല്ലാവരേയുംകാൾ സമുന്നതനും, സാമ്യമില്ലാത്തവനും, സാക്ഷാൽ ദൈവവുമാണെന്ന് നമുക്ക് അഭിമാനിക്കാം.

കർത്താവിന്റെ അപ്പോസ്ഥോലന്മാരുടെയിടയിൽ മാനുഷികമായ ഒരു ബലഹീനത കടന്നുകൂടി. അവരിൽ ആരാണ് വലിയവൻ എന്നൊരു തർക്കം, ഇത് കർത്താവറിഞ്ഞ് അവരെ ഗുണദോഷിച്ച് “നിങ്ങളിൽ വലിയവാനാഗ്രഹിക്കുന്നവൻ എല്ലാവർക്കും ശുശ്രൂഷകനാകട്ടെ.” കർത്താവ് ശിഷ്യന്മാരുടെ കാലുകൾ കഴുകി തുടച്ചിട്ട്, ‘നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ ഇപ്രകാരം നിങ്ങളുടെ കാലുകൾ കഴുകിയെങ്കിൽ നിങ്ങളും അന്യോന്യം ഇപ്രകാരം ചെയ്‌വിൻ’ എന്നു പറഞ്ഞു. മനുഷ്യപുത്രൻ മറ്റുള്ളവരാൽ ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിപ്പാനായിട്ടാണ് വന്നത് (മത്തായി 20:28) എന്നു കർത്താവ് പറഞ്ഞിട്ടുണ്ട്.

അവൻ ഒരു ശിശുവിനെ വിളിച്ച് ശിഷ്യന്മാരുടെ നടുവിൽ നിർത്തിയിട്ട് പറഞ്ഞു: ‘നിങ്ങൾ മനസ്സുതിരിഞ്ഞ് ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ നിങ്ങൾക്ക് കഴിയുകയില്ല.’ ‘ഇതുപോലെയുള്ളവരുടേതാണ് സ്വർഗ്ഗരാജ്യം’ എന്നും കർത്താവ് പറഞ്ഞിട്ടുണ്ട്.

എന്താണ് ശിശുവിനുള്ള വിശേഷം? അവൻ പരമാർത്ഥ ഹൃദയമുള്ളവനാണ്. അവനിൽ കപടമില്ല. അവൻ കലവറയില്ലാതെ സ്നേഹിക്കുന്നു. എല്ലാം വിശ്വസിക്കുന്നു. ആരോടും വിരോധമില്ല, പ്രതികാരബുദ്ധിയില്ല, ആരോടും അസൂയയില്ല. ജഡത്തിന്റെ മ്ളേഛമായ മോഹങ്ങൾ അവനിലില്ല. അവന്

---

പൂർവികരായ യാക്കോബിന്റേയും യൗസേഫിന്റേയും അസ്ഥികൾകൂടി തങ്ങളോടൊപ്പം കൊണ്ടുവന്ന് ശേഖേമിൽ പ്രത്യേകം ഒരുക്കിയ സ്ഥലത്ത് അടക്കം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു (യോശുവാ. 24:32; അപ്പോ. 7:15). ആദാം മുതൽ നോഹ വരെയുള്ള പിതാക്കന്മാരുടെ തിരുശേഷിപ്പുകൾ തങ്ങളുടെ പിന്നാലെ വരുന്ന തലമുറകൾക്ക് കൈമാറുവാൻ വേണ്ടി നോഹയുടെ കാലത്തുണ്ടായ വെള്ളപ്പൊക്ക സമയത്ത് എടുത്ത് പെട്ടകത്തിൽ സൂക്ഷിച്ചിരുന്നതായ ഒരു പാരമ്പര്യവും പൗരസ്ത്യ ദേശങ്ങളിൽ നിലനിൽക്കുന്നുണ്ട്.

ക്രൈസ്തവസഭ വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നതിന് കാരണം, ദൈവം അവയെ തന്റെ കൃപയുടെ പ്രതീകങ്ങൾ ആക്കി തീർക്കുന്നതാണ്. ഏലിയാ പ്രവാചകൻ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ഏലീശായ്ക്ക് നൽകി. പുതപ്പ് ദൈവിക ശക്തി പ്രകടിപ്പിച്ചതായി 2 രാജാക്കന്മാർ 2:13–14 ൽ നാം വായിക്കുന്നു.

അപ്പോ. പ്രവർത്തികൾ 19:12 ൽ പ. പൗലോസ് ശ്ലീഹായുടെ മെയ്മേൽ നിന്ന് റൂമാലും ഉത്തരീയവും എടുത്ത് രോഗികളുടെ മേൽ കൊണ്ടുവന്നിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാന്മാക്കൾ അവരിൽനിന്നും പുറപ്പെടുകയും ചെയ്തതായി വിവരിക്കുന്നു.

വിശുദ്ധരുടെ വിശുദ്ധി ദൃശ്യമാകുന്നതിനുള്ള പ്രധാന അടയാളം അവരുടെ രക്തംവീണ സ്ഥലത്തുനിന്നും അവരുടെ അസ്ഥികൾ അടക്കപ്പെട്ട സ്ഥലത്തുനിന്നും അവരുടെ നാമം വിളിക്കപ്പെടുന്ന സ്ഥലത്തുനിന്നുമൊക്കെ ദൈവീക അനുഗ്രഹങ്ങൾ വർഷിക്കുന്നതാണ്. അതുകൊണ്ട് തങ്ങളുടെ ആത്മാക്കൾ പരുദീസായിലായിരിക്കുന്ന വിശുദ്ധരെ നാം ആദരിക്കുന്നുവെങ്കിൽ അവരുടെ ആത്മാക്കൾ കുടികൊണ്ട, കഷ്ടതയും പ്രയാസവും ഒക്കെ അനുഭവിച്ചു. ശരീരത്തേയും നാം ആദരിക്കണം. അന്ത്യദിവസത്തിൽ കർത്താവ് വിശുദ്ധരുടെ ശരീരങ്ങൾക്ക് നൽകുവാൻ പോകുന്ന മഹത്വപൂർണ്ണത മുമ്പിൽ കണ്ടുകൊണ്ട് അവരുടെ തിരുശേഷിപ്പുകളെ നാം ആദരിക്കുന്നു എന്ന് കരുതിയാൽ മതിയാകും. ആകയാൽ വിശുദ്ധരുടെ തിരുശേഷിപ്പുകൾക്ക് വേദപുസ്തകാടിസ്ഥാനത്തിൽ ആദരവും ബഹുമാനവും നൽകി അവയിലൂടെ ലഭിക്കുന്ന ദൈവീകാനുഗ്രഹങ്ങൾ പ്രാപ്യമാക്കുവാൻ വിശ്വാസികൾ ഒരുങ്ങണം. അതോടൊപ്പം തന്നെ ചില സഭകളിലൊക്കെ ഉണ്ടായിരിക്കുന്നതുപോലെ തിരുശേഷിപ്പു വന്ദനമൂലം ദുർവിനിയോഗമോ ദൂഷണമോ ഉണ്ടാകാതിരിക്കുവാൻ യാക്കോബായ സഭാമക്കൾക്ക് കഴിയണം.

സ്വാർത്ഥമായ ആഗ്രഹങ്ങളില്ല, ദ്രവ്യാഗ്രഹമില്ല, പെട്ടെന്നും പൂർണ്ണമായും സന്തോഷിപ്പാനുള്ള കഴിവുണ്ട്, തെറ്റു ചൂണ്ടിക്കാണിച്ചാൽ സങ്കടത്തോടെ വിമ്മിക്കരയുവാൻ അവന് കഴിയും, തുറന്നു പറയാൻ മടിയില്ല, ഭയമില്ല, ആരെയും സംശയത്തോടെ വീക്ഷിക്കുന്നില്ല, ദാരിദ്രത്തേക്കുറിച്ചുള്ള ആകുലചിന്തയോ അധിക സമ്പത്തുമൂലമുള്ള മനോഭാരമോ ഇല്ല, അമ്മയിലും അപ്പനിലുമുള്ള പരിപൂർണ്ണ ആശ്രയം. ഈ ദൃശ ഗുണങ്ങളുടെ വിളനിലമാണ് ഒരു പൈതൽ.

പ്രായമുള്ളവർ ശിശുക്കളെ പഠിപ്പിച്ചു തങ്ങളേപ്പോലെയാക്കാനാഗ്രഹിക്കുന്നു. എന്നാൽ അവർ മനസ്സുതിരിഞ്ഞു ശിശുക്കളേപ്പോലെയാകയാണ് ആവശ്യം. എന്നാലേ അവർ സ്വർഗ്ഗരാജ്യത്തിന് അവകാശികളാകുന്നുള്ളു. അല്ലാതെ പ്രായത്തിൽ കുറയാനോ ശരീരപ്രകാരം ചെറുതാകാനോ അല്ല കർത്താവാവശ്യപ്പെട്ടത്. ചില ഭക്തന്മാർ ശിശുക്കളുടെ ഹൃദയത്തോടു കൂടിയവരായിരുന്നു. കുന്നംകുളത്തു കബറടങ്ങിയിരിക്കുന്ന ഒസ്തൊത്ത്യോസ് ബാവാ ആ തരക്കാരനായിരുന്നു. ശിശുക്കുളുടെ പരമാർത്ഥതയുള്ള ഹൃദയമാണദ്ദേഹത്തിനുണ്ടായിരുന്നത്.

പരിചയവും സ്നേഹവുമുള്ളയാളുകളെ കാണുമ്പോൾ സ്ത്രീപുരുഷ വ്യത്യാസമോ പ്രായമോ ചിന്തിക്കാതെ അവരെ കെട്ടിപിടിച്ചു ചുംബിക്കുവാൻ അദ്ദേഹത്തിന് പ്രയാസമില്ലാതിരുന്നു. ഇത് ശിശുക്കളിൽ മാത്രം കാണാറുള്ള ഒരു സ്വഭാവമാണ്.

ആലുവായിലെ വലിയ തിരുമേനിയെന്നറിയപ്പെടുന്ന മലങ്കരയുടെ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയ്ക്കും ശിശുക്കളുടേതുപോലെയുള്ള പരമാർത്ഥഹൃദയമുണ്ടായിരുന്നു. ആരോടും തുറന്ന പറയുന്ന ഒരു സ്വഭാവമായിരുന്നു അദ്ദേഹത്തിന്റേത്. ശത്രുമിത്ര വ്യത്യാസം കൂടാതെ അദ്ദേഹം അങ്ങനെ തുറന്നു പറയുന്നതു നിമിത്തം ചിലപ്പോൾ അബദ്ധങ്ങളും പറ്റിപ്പോയിട്ടുണ്ട്. ഇത്തരക്കാർ പെട്ടെന്ന് സന്തോഷിക്കയും, പെട്ടെന്നു കോപിക്കയും കോപം പെട്ടെന്നു അടങ്ങുകയും പെട്ടെന്നു ദുഃഖിക്കുകയും ചെയ്യുന്നവരാണ്.

ചുങ്കക്കാരും വേശ്യാസ്ത്രീകളും നിങ്ങൾക്കുമുമ്പായി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കും എന്നു കർത്താവ് പരീശന്മാരോടും ശാസ്ത്രിമാരോടും പറഞ്ഞത് അവർക്ക് ശിശുഹൃദയമില്ലാത്തതിനാലായിരുന്നു. അവർക്ക് ഏതാണ്ടറിയാമെന്നും അവർ ആരാണ്ടാണെന്നും അവർ മറ്റുള്ളവരേക്കാൾ കുറേ നല്ലവരാണെന്നും അവർക്ക് പ്രശംസമുണ്ടായിരുന്നു. അവരുടെ അഹങ്കാര വേശ്യാസ്ത്രീകൾക്കും അവർ പാപികളാണെന്നുള്ള ബോദ്ധ്യവും ദുഃഖിച്ച് അനുതപിക്കാനുള്ള കഴിവുമുണ്ടായിരുന്നു.

നമ്മിൾ ഇതുനിമിത്തം ശിശുക്കളെ ബഹുമാനിക്കണം. അവർ നമ്മളേക്കാൾ ശ്രേഷ്ഠമാണ്. സൽഗുണസമ്പൂർണ്ണരാണ്. അഞ്ചു വയസ്സുവരെ ശിശുക്കളെ രാജതുല്യം ബഹുമാനിക്കണമെന്ന് പഴഞ്ചൊല്ലുണ്ട്. അവർക്ക് ആരോടും ഒപ്പമിരിക്കാം. അപ്പനോടൊപ്പമിരിക്കാം അപ്പന്റെ മടിയിലുമിരിക്കാം.

ഒരു ശിശുവിനെ നമ്മൾ ബഹുമാനിക്കുന്നത് അത് ഭാവിയിൽ എന്തായിത്തീരുമെന്നുള്ളത് പരിഗണിച്ചല്ല, അത് ആയിരിക്കുന്ന പ്രകാരം തന്നെ നമ്മുടെ ബഹുമാനം അർഹിക്കുന്നതിനാലാണ്. നമ്മൾ അവനെ കണ്ടുപഠിക്കണം, അവനെപ്പോലെയാകണം.

ഒരു റോസാപൂവ് ബഹുമാനിക്കപ്പെടുന്നത് അതിൽ നിന്നുണ്ടാകാവുന്ന കായോ പഴമോ ചിന്തിച്ചിട്ടല്ല, എന്നാലോ അതിന്റെ വർണ്ണവിശേഷവും സൗരഭ്യവും ആകൃതിവിശേഷവും കൊണ്ടത്രെ. അപ്രകാരം തന്നെ ശിശു അതായിരിക്കുന്ന പ്രകാരം നമ്മുടെ ബഹുമാനത്തെ, അല്ല ആരാധനയെ അർഹിക്കുന്നു. നിങ്ങൾ മനസ്സുതിരിഞ്ഞ് ശിശുക്കളെപോലെയായില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാൻ കഴികയില്ല. ശിശുവിന് മാമൊദീസാ നൽകാമോ എന്നല്ല സംശയിക്കേണ്ടത്. പ്രായമായവന് ശിശുവിനേപ്പോലെയാകാതെ മാമോദീസാ നൽകാമോയെന്നാണ് സംശയിക്കേണ്ടത്. മാമോദീസാ സ്വർഗ്ഗപ്രവേശത്തിനുള്ള അവകാശമാണ്. ശിശുവാണ് സ്വർഗ്ഗത്തിനു യോഗ്യനും അർഹനും. അവനാണ് സംശയമില്ലാതെ മാമോദീസാ നൽകാവുന്നത്. സ്വർഗ്ഗരാജ്യത്തിന്റെ യോഗ്യനായ അവകാശി അവനാണ്.

**പെന്തിക്കൊസ്തിക്കുശേഷം ആറാം ഞായറാഴ്ച**
**(ലൂ. 17:1-10; മർക്കോ. 6:30-46; മത്തായി. 15:32-39)**

സഹോദരനോട് ക്ഷമിക്കുന്നതിനേക്കുറിച്ചാണ് സന്ധ്യയുടെ ഏവൻഗേലിയോൻ പ്രഭാതത്തിന്റെ ഏവൻ ഗേലിയോൻ അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തീറ്റി തൃപ്തിയാക്കിയ കാര്യവും വി. കുർബ്ബാനയുടെ ഏവൻ ഗേലിയോൻ ഏഴപ്പവും കുറെ ചെറുമീനുംകൊണ്ട് നാലായിരം പേരെ തീറ്റി തൃപ്തിയാക്കിയതിനേക്കുറിച്ചുമാണ്. സന്ധ്യയുടെ ഏവൻഗേലിയോനിലെ വിഷയത്തേക്കുറിത്തുതന്നെ നമുക്കു ചിന്തിക്കാം, ധ്യാനിക്കാം.

നിന്റെ സഹോദരൻ നിന്നോടു തെറ്റു ചെയ്താൽ അവൻ തനിച്ചുള്ളപ്പോൾ നീ അവനെ ഗുണദോഷിക്കുക, നീ നിന്റെ സഹോദരനോടു ക്ഷമിക്കണം. ഏഴുവട്ടം ക്ഷമിച്ചാൽ മതിയോ എന്ന് ഒരുവൻ ചോദിച്ചതിന് ഏഴു എഴുപതുവട്ടം എന്ന് കർത്താവ് മറുപടി നൽകി. അതിന്റെ അർത്ഥം അക്ഷരാർത്ഥത്തിൽ എടുക്കരുത്. 490 പ്രാവശ്യം ക്ഷമിച്ചാൽ മതിയെന്നർത്ഥമാക്കരുത്. വളരെയേറെ ക്ഷമിക്കണമെന്നാണതിന്റെ അർത്ഥം. നിന്നോടു വന്നു ക്ഷമ ചോദിച്ചാൽ ക്ഷമിക്കമാത്രം പോരാ. ക്ഷമ ചോദിച്ചില്ലെങ്കിലും ക്ഷമിക്കണം. കർത്താവിനെ ക്രൂശിച്ചവരോടു കർത്താവു ക്ഷമിച്ചതു അപ്രകാരമാണല്ലോ. 'പിതാവെ ഇവർ ചെയ്യുന്നത് എന്തെന്നവരറിയായ്കയാൽ നീ അവരോടു ക്ഷമീക്കണമെ' എന്നാണല്ലോ പറഞ്ഞത്. അവർ അനുതപിച്ചില്ലെന്നുള്ളത് സ്പഷ്ടം. നമ്മൾ ശത്രുക്കളെ സ്നേഹിക്കണം പ്രതികാരം ചെയ്യരുത്. നമ്മെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണം.

നീ നിന്റെ കാഴ്ച ബലിപീഠത്തിനുമുമ്പിൽ കൊണ്ടുവരുമ്പോൾ അവിടെ വച്ചു നിന്റെ സഹോദരനു നിന്നോടു വല്ലതുമുണ്ടെന്ന് വന്നാൽ 'നിന്റെ

# അത്ഭുതം നിറഞ്ഞ് നിൽക്കുന്ന തവളപ്പാറ സെന്റ് മേരീസ് പള്ളി

**ഷെവ. പി.കെ. പൗലോസ് കൂരൻ**



അങ്കമാലിക്കടുത്ത് തവളപ്പാറയിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളി മഹാത്ഭുതത്താൽ പ്രസിദ്ധമായിരിക്കുകയാണ്. ഓശാനപ്പെരുന്നാളിന് നൽകിയ കുരുത്തോലയിൽ നിന്നും എണ്ണ കനിഞ്ഞിറങ്ങുകയാണ്. ഇടവകയിലെ ഒരു ബാലന്റെ കൈളിൽ ഇരുന്ന കുരുത്തോലയിൽ ആണ് ഈ അത്ഭുതം ദൃശ്യമായത്.

ഓശാനപ്പെരുന്നാളിന് വാഴ്ത്തിയ കുരുത്തോല, പതിവുപോലെ വികാരി വന്ദ്യ ദിവ്യ ശ്രീ. വർഗ്ഗീസ് പുളിയൻ കോറെപ്പിസ്ക്കോപ്പാ എല്ലാവർക്കും നൽകുകയുണ്ടായി. ഇടവകയിൽപ്പെട്ട തേലപ്പിള്ളിൽ തോമസിന്റെ മകൻ സാബുവിന്റെ കൈയിൽ ഇരുന്ന കുരുത്തോലയിൽ നനവ് അനുഭവപ്പെടുന്നതായി ആ ബാലന് തോന്നി. വിയർപ്പ് കൊണ്ടുണ്ടായ നനവ് ആയിരിക്കാമെന്ന് തോന്നി കൈകൾ തുടച്ചുവെങ്കിലും നനവ് കൂടികൂടി വരുന്നതായി തോന്നി. സൂക്ഷിച്ച് നോക്കിയപ്പോൾ കുരുത്തോലയുടെ പകുതിയിൽ താഴെ ഭാഗത്തുനിന്നും എണ്ണ കനിഞ്ഞ് താഴോട്ടു ഒലിച്ചു ഇറങ്ങുന്നതായി മനസിലായി. വിവരം മറ്റു കുട്ടികളോട് പറഞ്ഞപ്പോൾ അവർ പരിഹസിച്ചു. തെളിവിനായി കുരുത്തോല അവരെ ഏല്പ്പിച്ചപ്പോൾ അവരുടെ കൈകളിൽ എണ്ണ കാണാൻ കഴിഞ്ഞില്ല.





എന്നാൽ കുരുത്തോല സാബു തിരിച്ച് വാങ്ങി പിടിച്ചപ്പോൾ വീണ്ടും എണ്ണ കനിഞ്ഞ് തുടങ്ങി. വിവരം സൺഡേ സ്കൂൾ അധ്യാപകരടക്കം മുതിർന്നവരോട് പറഞ്ഞപ്പോൾ അവർ അത് ഗൗരവമായി എടുക്കാതെ കുരുത്തോല പള്ളിയകത്ത് മേശപ്പുറത്തു വച്ചിട്ട് പോകാൻ ആവശ്യപ്പെട്ടു.

താൻ പറഞ്ഞത് ആരും അംഗീകാരിക്കാത്തതിൽ നിരാശനായ ബാലൻ കുരുത്തോലയുമായി വീട്ടിലേക്ക്

---

*ധ്യാനപംക്തി തുടർച്ച...*

കാഴ്ച അവിടെ ഉപേക്ഷിച്ചു മുമ്പെ ചെന്ന് നിന്റെ സഹോദരനോട് നിരന്നു കൊള്ളുക' പിന്നെ വന്ന് നിന്റെ കാഴ്ചയർപ്പിക്കുക' എന്നത്രെ കർത്താവ് പറഞ്ഞിരിക്കുന്നത്. ആകയാൽ നീ ഒരു തെറ്റും ചെയ്തിട്ടില്ലെങ്കിലും നിന്നെ ദ്വേഷിക്കുന്ന സഹോദരനോടു നിരന്നു കൊള്ളുവാൻ പറഞ്ഞിട്ടുണ്ടെങ്കിൽ, നീ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ എത്രയോ അധികമായി നീ ചെന്ന് തെറ്റു പറഞ്ഞു നിരപ്പാകണം. നിന്റെ സഹോദരൻ വല്ല തെറ്റും ചെയ്തിട്ടുണ്ടെങ്കിലും ചെന്നു നിരപ്പാകണം. നീ ക്ഷമിച്ചിട്ടും അവൻ അനുതപിക്കുന്നില്ലെങ്കിൽ അവനു ദൈവശിക്ഷയും നിനക്കു ഗുണവുമുണ്ടാകും.

ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ എന്നു പ്രാർത്ഥിക്കുമ്പോൾ കടക്കാരോടു ക്ഷമിച്ചിരിക്കണം. കടക്കാർ എന്നത് നമ്മോട് അറ്റകുറ്റങ്ങൾ ചെയ്തവരാണ്. അവരോടു ഹൃദയംഗമമായി നമ്മൾ ക്ഷമിക്കണം. പകരം അവരെ സ്നേഹിക്കയും വേണം. ഇതു അപാരമായ ഒരു കഴിവാണ്, അത്ര എളുപ്പമല്ല.

മാർ സ്തേഫാനോസിനെ കല്ലെറിയുമ്പോൾ അവൻ പ്രാർത്ഥിച്ചതും 'പിതാവേ, ഇവരുടെ പാപം ഇവരുടെ നേരെ നിറുത്തരുതെ' എന്നായിരുന്നു. അതാണ് മാതൃകാപരമായ സ്നേഹം, ക്രിസ്തീയി സ്നേഹം, ഇന്ന് നമ്മുടെയിടയിൽ ഇതുപോലുള്ള സ്നേഹം വളരെ വിരളമാണ്. ക്രിസ്ത്യാനികൾ എന്നു പറഞ്ഞു നമ്മൾ നടക്കുന്നുയെങ്കിലും, മേൽ പട്ടക്കാരും പട്ടക്കാരും പള്ളിക്കാരും തമ്മിൽ പലവിധ വ്യവഹാരങ്ങൾ നടമാടിക്കൊണ്ടിരിക്കുന്നതു എത്രയോ ലജ്ജാവഹമാണ്. നമുക്ക് ക്ഷമിപ്പാനും സഹിപ്പാനും സ്നേഹിപ്പാനും കഴിയണം, എന്നാൽ മാത്രമേ നമ്മൾ യഥാർത്ഥ ക്രിസ്ത്യാനികളാകുന്നുള്ളു.

മഹാത്മഗാന്ധി ക്രിസ്തുവിനെ കണ്ടു ക്ഷമയും സ്നേഹവും സഹനശക്തിയും പഠിച്ചു. അദ്ദേഹത്തെ ഉപദ്രവിച്ചവരെ വെറുക്കാതെ ഉപദ്രവങ്ങൾ ക്ഷമയോടെ സഹിച്ചു അദ്ദേഹത്തെ കരണത്തടിച്ചു പല്ലു കളഞ്ഞ ഒരാളെ മറ്റുള്ളവർ പിടികൂടിയപ്പോൾ 'അവനെ വിടുക, അവൻ എന്നോടു ദയവായിട്ടാണ് പ്രവർത്തിച്ചത് ഞാൻ ഇതിലധികം അർഹിക്കുന്നുണ്ടായിരുന്നു' എന്നത്രെ പറഞ്ഞത്.

സഹോദരനോടു നിരപ്പായശേഷം വന്നു കാഴ്ചയണയ്ക്കുക എന്നു പറഞ്ഞിരിക്കുന്നത് എത്രമാത്രം പ്രായോഗികമാണെന്നു നോക്കാം. ചിലപ്പോൾ അസൂയ നിമിത്തം വൃഥാദ്വേഷിക്കുന്നവരുണ്ടാകും. അവരോടു ചെന്നു നിരപ്പാകാൻ ശ്രമിച്ചാൽ അവർ കൂട്ടാക്കാതെ പറഞ്ഞയച്ചെന്നു വരാം. അങ്ങനെ വന്നാൽ വഴിപാടർപ്പിക്കാനെന്തു ചെയ്യും?

പോയി. വിവരം മാതാവിനോട് പറയുകയും ഒരു പാത്രം കഴുകി വൃത്തിയാക്കി മേശപ്പുറത്തുവയ്ക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് ഭക്തിയാദരവോടെ കുരുത്തോല തളികയിൽ ചാരിവച്ചു. ഏതാനും സമയം കഴിഞ്ഞ് ശ്രദ്ധിച്ചപ്പോൾ കുരുത്തോലയിൽ നിന്നും ഒലിച്ച് വന്നിരുന്ന എണ്ണ തളികയിൽ എല്ലായിടത്തും വ്യാപിക്കുന്നതായി കാണുവാൻ കഴിഞ്ഞു. എന്തു ചെയ്യേണ്ടയെന്ന് അറിയാതെ അമ്പരന്ന വീട്ടുകാർ പള്ളി വികാരി വന്ദ്യ ദിവ്യശ്രീ. വർഗ്ഗീസ് പുളിയൻ കോറെപ്പിസ്ക്കോപ്പായെ ഈ കാര്യം അറിയിച്ചു. വികാരി വിവരം ഇടവക മെത്രാപ്പോലീത്തായെ അറിയിച്ചു. ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ എബ്രഹാം മാർ സേവേറിയോസ് തിരുമേനി പെട്ടെന്ന് സ്ഥലത്തുവരികയും എണ്ണ കനിഞ്ഞ് വന്നിരുന്ന കുരുത്തോല വീട്ടിൽനിന്നും പള്ളിയിലേക്ക് മാറ്റുകയും ചെയ്തു. പള്ളിയിൽ കൊണ്ടുവന്ന കുരുത്തോല വി. മദ്ബഹായുടെ മുകളിലെ നടയിൽ വടക്കുവശത്തായി ഒരു തളികയിൽ വച്ചു. പ്രാർത്ഥനാനന്തരം നോക്കിയപ്പോൾ വി. ഏവൻഗേലിയോൻ മേശയിലും വി. ഗോകുൽത്തായിലും വച്ചിരുന്ന കുരുത്തോലകളിൽ ഓരോന്നിലും എണ്ണ കനിഞ്ഞ് വരുന്നതായി കണ്ടു. ഈ കുരുത്തോലകളും ആദ്യത്തെ കുരുത്തോലയോടൊപ്പം തന്നെ നടക്കൽ തളികയിൽ വച്ചിരിക്കുകയാണ്. വീട്ടിലും പള്ളിയിലുമായി കനിഞ്ഞ് വന്ന എണ്ണ ഒരു കുപ്പിലിയാക്കി തളികയിൽ തന്നെ വച്ചിരിക്കുന്നു. എല്ലാ ഓലകളിലും പകുതിക്ക് താഴെ ഭാഗത്തുമാത്രമാണ് ഇപ്രകാരം എണ്ണ കനിഞ്ഞ് വരുന്നത് എന്നതും പ്രത്യേകതയാണ്. ഈ അത്ഭുതസംഭവത്തിന് ശേഷം പള്ളിയിൽ തുടർച്ചയായി പ്രാർത്ഥന നടത്തികൊണ്ടിരിക്കുന്നു. അയൽ ഇടവകകളിൽ നിന്നും മറ്റുമായി ഒട്ടനവധിപേർ പള്ളിയിൽ വന്ന് പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിച്ച് കൊണ്ടിരിക്കുന്നു.

എല്ലാവർഷവും ഓശാനയ്ക്ക് കുരുത്തോല വീട്ടിൽ ഭക്ത്യാദരപൂർവം സൂക്ഷിച്ച് വച്ച് അനുഗ്രഹം പ്രാപിച്ചിരുന്ന ഈ ബാലന് ഈ വർഷം അതിന് കഴിയാതെ വന്നതിൽ ഏറെ സങ്കടം തോന്നി. വിവരം അറിഞ്ഞ വികാരി വാഴ്ത്തിയ മറ്റൊരു കുരുത്തോല ഈ കുട്ടിക്ക് നൽകുകയുണ്ടായി. ഏറെ സന്തോഷത്തോടെ വീട്ടിൽ തിരിച്ചെത്തിയ ബാലൻ നോക്കിയപ്പോൾ, ആ കുരുത്തോലയിൽ നിന്നും എണ്ണ കനിഞ്ഞ് വരുന്നതായി കാണുകയുണ്ടായി. വളരെ ഭക്ത്യാരദപൂർവ്വം വീട്ടിൽ സൂക്ഷിച്ച് വച്ചിരുന്ന ഈ കുരുത്തോലയും പിന്നീട് പള്ളിയിലേക്ക് മാറ്റി.

തവളപ്പാറ പള്ളിയുടെ സ്ഥാപനം മുതലേ അത്ഭുതങ്ങളുടെ അനുഭവമാണ് ഉണ്ടായിട്ടുള്ളത്. വന്ദ്യ ദിവ്യശ്രീ ടൈറ്റസ് വർഗ്ഗീസ് കോറെപ്പിസ്ക്കോപ്പയുടെ പിതാവ് ശ്രീ. ടി.ഐ. വർക്കി യൗവനക്കാലത്തുതന്നെ രോഗിയായി. രോഗം മൂർച്ചിച്ചപ്പോൾ അന്ത്യകൂദാശയും നൽകി. മരണത്തിന് മുൻപായി നല്ല കാര്യങ്ങൾ എന്തെങ്കിലും ചെയ്യണമെന്ന് ഒരു തോന്നൽ. താൻ ബിസിനസ്സ് നടത്തിയിരുന്ന കെട്ടിടവും പതിനാല് സെന്റ് സ്ഥലവും ആരാധനാലയം സ്ഥാപിക്കുന്നതിനായി അദ്ദേഹം ദാനം നൽകുകയുണ്ടായി. തുടർന്ന് ശ്രീ. ഇട്ടൂപ്പ് അത്തിക്കാകുഴി ഏഴു സെന്റ് സ്ഥലവും, ശ്രീ. വി.സി. വർഗീസ് വേഴപ്പറമ്പിൽ നാലിൽ ചില്ലാനം സെന്റ് സ്ഥലവും ദാനം നൽകി. ഏറെ താമസിയാതെ ശ്രീ വർക്കിയുടെ രോഗത്തിന് ശമനം ഉണ്ടാകുകയും അന്ത്യകൂദാശ സ്വീകരിച്ച അദ്ദേഹം നാലു വർഷം കൂടി ജീവിക്കുകയുണ്ടായി. ഇവിടെ പരിശുദ്ധ യൽദോ മോർ ബസേലിയോസ് ബാവയുടെ നാമത്തിൽ ഒരു കുരിശിൻ തൊട്ടി സ്ഥാപിച്ചു കാണുവാനുള്ള ഭാഗ്യവും ഈ കാലയളവിനുള്ളിൽ ശ്രീ. വർക്കിക്ക് സിദ്ധിച്ചു. ആ സ്ഥലമെല്ലാം ഉൾപ്പെട്ടിടത്താണ് തവളപ്പാറ പള്ളി സ്ഥിതി ചെയ്യുന്നത്.

തവളപ്പാറ നിവാസികൾ മഞ്ഞപ്ര സെന്റ് പള്ളി ഇടവകക്കാർ ആയിരുന്നു. നാലു കിലോമീറ്ററോളം അകലെയുള്ള മഞ്ഞപ്ര പള്ളിയിൽ പോയി ആരാധനയിൽ സംബന്ധിക്കുകയെന്നതു സാധാരണക്കാരായ തവളപ്പാറ നിവാസികൾക്ക് ഏറെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. തവളപ്പാറയിൽ ഒരു പള്ളി വേണമെന്നത് ഇവിടെത്തെ ആൾക്കാരുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. സാധാരണക്കാരായ മുപ്പതോളം വീട്ടുകാർ വിചാരിച്ചാൽ എങ്ങനെ ഒരു പള്ളി പണിയാൻ കഴിയും? എന്നിരുന്നാലും തവളപ്പാറയിൽ ഒരു പള്ളി പണിയുവാൻ തന്നെ തീരുമാനിച്ചു. 1975 ജനുവരി 6 ന് ശിലാസ്ഥാപനം നടത്തിയ പള്ളിയുടെ പണികൾ തീർത്ത് 1975 ജനുവരി 28 ന് കൂദാശ നടത്തി ബലിയർപ്പിക്കുകയുണ്ടായി. വെറും 22 ദിവസം കൊണ്ടാണ് പണി തീർത്തത്. എങ്ങനെ ഇത് നടന്നു എന്നത് ഇന്നും വിസ്മയമുളവാക്കുന്നു എന്നാണ് പള്ളി പണികൾക്ക് നേതൃത്വം വഹിച്ച വന്ദ്യ ടൈറ്റസ് വർഗ്ഗീസ് കോറെപ്പിസ്ക്കോപ്പ പറയുന്നത്.

പഴയപള്ളി പുതുക്കി പണിതതാണ് മറ്റൊരു സംഭവം. പള്ളി പുതുക്കി പണിയുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോൾ ഭൂരിപക്ഷം പേരും എതിർ. മറ്റൊന്നും കൊണ്ടല്ല, സാമ്പത്തിക പ്രശ്നം തന്നെ. സാധാരണക്കാരായ 65–75 വീട്ടുകാർ വിചാരിച്ചാൽ അക്കാലത്ത് 8–10 ലക്ഷം രൂപ സമാഹരിച്ച് പള്ളി പണിയുകയെന്നത് അസാദ്ധ്യമായിരുന്നു. പള്ളി പൊളിച്ചു പണിയുന്നതിൽ വിയോജിപ്പ് പ്രകടിപ്പിച്ചവരെയെല്ലാം യോജിപ്പിലെത്തിച്ച് പണികൾ നടത്തുന്നതിന് ബഹുമാനപ്പെട്ട ടൈറ്റസ് വർഗ്ഗീസ് അച്ചൻ തീരുമാനിച്ചു. 1992 മുതൽ 1995 വരെയുള്ള 3 വർഷം കൊണ്ടാണ് പള്ളി പുതുക്കി പണിതത്. ഉദ്ദേശം പത്തുലക്ഷം രൂപയോളം ചെലവ് ചെയ്ത് നിർമ്മിച്ച പള്ളിയുടെ പണിക്ക് ഇടവകയിൽ നിന്നും സമാഹരിക്കുവാൻ കഴിഞ്ഞതു മുപ്പത്തയ്യായിരം രൂപമാത്രമാണ്. ശേഷിച്ച ഭീമമായ തുക മുഴുവൻ എങ്ങനെ സമാഹരിക്കപ്പെട്ടു എന്നത് അത്ഭുതം തന്നെയെന്നാണ് വന്ദ്യ ടൈറ്റസ് വർഗ്ഗീസ് കോറെപ്പിസ്ക്കോപ്പ ഇപ്പോഴും പറയുന്നത്.

ഈ ഇടവകയിൽപ്പെട്ട അത്തിക്കാകുഴി ഇട്ടൂപ്പ്-ഉണിച്ചാമ്മ ദമ്പതിമാർ സ്വന്തം സ്ഥലത്ത് ഒരു ലക്ഷം രൂപയോളം ചെലവ് ചെയ്ത മാർ ഗീവറുഗീസ് സഹദായുടെ നാമത്തിൽ ഒരു കുരിശുംതൊട്ടി പണിയിച്ച് പള്ളിക്ക് നൽകുകയുണ്ടായി. കുരിശിൻ തൊട്ടിയുടെ കൂദാശ നടത്തിയത് അഭിവന്ദ്യ തോമസ് മാർ ദിവന്നാസ്യോസ് തിരുമേനി (ശ്രേഷ്ഠ കാതോലിക്കാ ബാവ) ആയിരുന്നു. കടുത്ത വറുതിയിൽ മഴ കിട്ടാതെ ജനങ്ങൾ ഏറെ ദുരിതം അനുഭവിച്ചുകൊണ്ടിരുന്ന സമയമായിരുന്നു അപ്പോൾ. കൂദാശയോടനുബന്ധിച്ച വി. കുർബ്ബാന മദ്ധ്യേ തിരുമേനി മഴയ്ക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും അന്നേദിവസം തവളപ്പാറയിൽ ഒരു മഴ പെയ്യുമെന്ന് പ്രസ്താവിക്കുകയും ചെയ്തു. തിരുമേനിയുടെ ഈ പ്രസ്താവനയെ പലരും പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്തു. എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് മണിക്കൂറുകൾക്കകം അവിടെ കനത്ത മഴ

ലഘുപഠനം

# തിരുശേഷിപ്പ് വേദഗ്രന്ഥത്തിലൂടെ

സുറിയാനി സഭാദൈവശാസ്ത്രത്തിൽ തിരുശേഷിപ്പിനു വലിയ സ്ഥാനമുണ്ട്. ദൈവേഷ്ടം പ്രവർത്തിച്ച് ദൈവത്തിനായി ജീവിച്ചവരേയും മരിച്ചവരെയുമാണ് വിശുദ്ധർ എന്നു പറയുന്നത്. വിശുദ്ധർക്ക് പ്രായഭേദമില്ല സ്ഥാനഭേദമില്ല. ഈ വിശുദ്ധർ ജീവിക്കുമ്പോഴും മരിച്ചു കഴിഞ്ഞാലും അനേകർ അവരെ ദർശിക്കുവാനും അനുഗ്രഹം പ്രാപിക്കാനും പരിദേവനങ്ങൾ മുമ്പിൽ സമർപ്പിച്ച് പരിഹാരം നേടുകയും ചെയ്യുന്നത് സ്വാഭാവികംമാത്രം. ആ വിശ്വാസിക്ക് മരണമില്ല. രണ്ടാംവരവിൽ ശരീരവും ആത്മാവിനൊപ്പം ഉയർക്കപ്പെടും. ശരീരത്തെ ഒരു ക്രിസ്ത്യാനിക്ക് നിസ്സാരമായി തള്ളാൻ കഴിയില്ല. ശരീരത്തിന്റെ വിശുദ്ധി ക്രൈസ്തവനും തള്ളിക്കളയാനാവില്ല. കാരണം ശരീരം ദൈവത്തിന്റെ മന്ദിരമാണ്. നമ്മുടെ ശരീരത്തിന്റെ ഓരോ അവയവവും ഭാഗവും വിശുദ്ധിയിൽ നിലനിർത്താൻ വിശ്വാസിപരിശ്രമിക്കേണ്ടതുണ്ട്. ഒരു അവയവവും അപ്രധാനമല്ല. അങ്ങനെയെങ്കിൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധർ (1 കോരി. 1:2) ദൈവത്തോടൊപ്പം വസിക്കുന്നു ലക്ഷോപലക്ഷം വിശുദ്ധർ (ആവ. 33:1–2), ദൈവത്തിനു ശ്രേഷ്ഠന്മാരായ ഭൂമിയിലെ വിശുദ്ധർ (സങ്കീ. 16:3) തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടുന്ന ക്രിസ്തു (2 തെസ. 1:10) തങ്ങളെതന്നെ ദൈവത്തിനു ആരാധനയായി സൗരഭ്യവാസനയായി സമർപ്പിച്ച വിശുദ്ധരുടെ പ്രാർത്ഥന ദൈവംതമ്പുരാൻ ശ്രദ്ധിക്കാതിരിക്കില്ല അവരുടെ മദ്ധ്യസ്ഥത തള്ളുകയുമില്ല.

മിസ്രീയമിൽ മരിച്ച യൗസേഫ് തന്റെ അസ്ഥി വാഗ്ദത്തനാട്ടിലേക്ക് കൊണ്ടുപോകുവാൻ അന്ത്യസമയത്ത് നിർദ്ദേശിക്കുന്നത് തിരുശേഷിപ്പുകൾ അവഞ്ജയോടെ കാണുന്നവർക്കുള്ള മറുപടിയാണ്. ഏലിയായുടെ പുതപ്പ്, ഏലിശായുടെ അസ്ഥി, (2 രാജാ. 2:14, 13:21–22) പത്രോസിന്റെ നിഴലും കുപ്പായതൊങ്ങലും (അപ്പോ. 5:15) വി. പൗലോസിന്റെ റൂമാലും ഉത്തരീയവും (അപ്പോ. 9:12) മനുഷ്യർക്ക് അനുഭവവേദ്യമാക്കുന്ന അതിശയങ്ങളും അത്ഭുതങ്ങളും ആർക്കും തള്ളാനാവില്ല. ക്രിസ്തുവിനെ തറച്ച കുരിശ് ശവശരീരത്തെ ഉയർപ്പിച്ച് ഓരോ അവയവങ്ങളും ധരിക്കുന്ന വസ്ത്രങ്ങളും വിശുദ്ധിയോടെ കാത്തുസംരക്ഷിക്കുന്ന വിശുദ്ധരുടെ തിരുശേഷിപ്പുകൾ അവഗണനിക്കാനാവില്ല. അവരുടെ ജീവിതവും ജീവിതാവസ്ഥാനവും ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കാം (എബ്രാ, 13:17). അവരുടെ ശരീരം ജീവനുള്ള ദൈവത്തിന്റെ ആലയ (2 കോരി. 6:16) ആയിരുന്നതുപോലെ നമ്മുടെ ശരീരവും ദൈവത്തിനു വസിക്കാനുള്ള മന്ദിരമാക്കി വിശുദ്ധീകരിക്കാം. വിശുദ്ധരുടെ കബറിടത്തിൽപോയി തിരുശേഷിപ്പുകളെ ആദരിച്ച് അവർ ആരാധിച്ച സത്യഏകദൈവത്തെ മഹത്വപ്പെടുത്താം. അവർ നമുക്ക് സ്മരണയ്ക്കായി നൽകിയ തിരുശേഷിപ്പുകൾ ദൈവത്തെ ആരാധിക്കാനുള്ള മഹത്വപ്പെടുത്താനുള്ള ഉപകരണമാക്കി മാറ്റാം. (ലൂക്കോ. 18:29–30; മർക്കോ. 10:29,30; സദൃശ്യ. 10:7; സങ്കീ. 92:12,14; സങ്കീ. 132:9–12).

തിരുശേഷിപ്പുകൾ വിഗ്രഹങ്ങളല്ല. വിശുദ്ധർ ദൈ വങ്ങളുമല്ല. എന്നാൽ ദൈവം അനുഗ്രഹിച്ച ദൈവീകശക്തി നിറഞ്ഞുനിന്നിരുന്ന ആ ശരീരങ്ങൾക്ക് ഈ ഭൂമിയിലുണ്ടായിരുന്നതുപോലെ അങ്ങേ ലോകത്തിലും വലിയ സ്ഥാനം ഉണ്ട്. ആത്മാവ് ശരീരത്തോടുകൂടി ഉയർക്കപ്പെടുന്ന കർത്താവിന്റെ രണ്ടാംവരവുവരെ ഈ ലോകത്തിലെ വിശ്വാസികൾക്ക് ആ തിരുശേഷിപ്പുകളോടെ ഇരുമ്പിനു കാന്തത്തോടെന്നപോലെ ആകർഷണമുണ്ടാകും. അത് ആർക്കും തടയാനുമാകില്ല (എബ്രാ. 13:17).

മുടികൾ മുടഞ്ഞൊട്ടിത്തകിടും
ബലിപീഠത്തിലിരിപ്പുണ്ട്
നിർമ്മലരായ് പരികർമ്മിപ്പോ
രാചാര്യർക്കവചൂടിടും (സഖ്യ. 3:3–5).

## പുതുപ്പള്ളി യാക്കോബായ പള്ളിയിലെ സഹദാപെരുന്നാളിന് ഭക്തസഹസ്രങ്ങൾ

പുതുപ്പള്ളി യാക്കോബായ വലിയപള്ളി ഓർത്തഡോക്സ് വിഭാഗം പിടിച്ചടക്കുകയും തൊട്ടടുത്തുണ്ടായിരുന്ന പാത്രിയർക്കീസ് വിഭാഗം മാത്രംവെച്ച ചെറിയപള്ളി ജെ.സി.ബി.യും ഭരണ സ്വാധീനവും ഉപയോഗിച്ച് ഇടിച്ചുനിരത്തി ഭൂമി കൈവശപ്പെടുത്തുകയും ചെയ്തതിനുശേഷം പാത്രിയർക്കീസ് വിഭാഗത്തെ അടിച്ചിറക്കിയപ്പോൾ തൊട്ടടുത്ത് സഹദയുടെ മദ്ധ്യസ്ഥമുഖാന്തിരം സർവ്വശക്തനായ ദൈവം ഒരുക്കിനല്കിയ സ്ഥലത്ത് പ. പാത്രിയർക്കീസ് ബാവായാൽ 2008 ഒക്ടോബർ 24ന് കൂദാശ ചെയ്ത പുതിയപള്ളിയിൽ നടന്നുവരുന്ന സഹദാപെരുന്നാളിന് ഈ വർഷം വൻ ജനത്തിരക്കായിരുന്നു. റാസയിലും വി. കുർബ്ബാനയിലും നേർച്ച സദ്യയിലും പതിനായിരങ്ങൾ പങ്കകൊണ്ടു. അഭി. മാത്യൂസ് മാർ അപ്രേം മെത്രാപ്പോലീത്താ വികാരി ഫാ. ജോസി ഏബ്രഹാം അട്ടച്ചിറ, സഹവികാരി ഫീലിപ്പോസ് കോർ എപ്പിസ്ക്കോപ്പ, റ്റി.എസ്. ചാണ്ടി, തോമസ് തുരുത്തേൽ, അഡ്വ. ജോൺ സഖറിയാ, ഡീക്കൻ അജീഷ് പുന്നൻ തുടങ്ങിയവർ നേതൃത്വം നൽകി.

*അത്ഭുതം നിറഞ്ഞ് നിൽക്കുന്ന തവളപ്പാറ...*

പെയ്യുകയുണ്ടായി. പരിഹസിച്ച് പുച്ഛിച്ചവരിൽ പലരും തിരുമേനിയ്ക്ക് ക്ഷമാപണ കത്തുകൾ അയക്കുകയുണ്ടായി.

തങ്ങളുടെ പല കാര്യങ്ങളിലും ദൈവത്തിന്റെ അത്ഭുതകരമായ നടത്തിപ്പ് അനുഭവിച്ചിട്ടുള്ള തവളപ്പാറ ഇടവകക്കാർ പറയുന്നത്, പള്ളിയും കുരിശും തൊട്ടികളും സ്ഥാപിക്കുന്നതിൽ തങ്ങൾ സഹിക്കേണ്ടിവന്ന കടുത്ത മനോവേദനകൾക്കും ദുഃഖങ്ങൾക്കും പരിശുദ്ധ മാതാവ് തരുന്ന ആശ്വാസവും അനുഗ്രഹവുമാണ് ഇതെന്നാണ്.

പള്ളിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉത്തരവാദിത്വപ്പെട്ട പലരും ഉണ്ടായിരുന്നിട്ടും ഈ ചെറുബാലനിൽകൂടി ദൈവം ഈ അത്ഭുതം പ്രവർത്തിക്കുന്നത് എന്ത് എന്ന ചോദ്യത്തിനുള്ള മറുപടി: രാജകുമാരിമാരും കുബേരകന്യകകളും ഉണ്ടായിരുന്നിട്ടും ദൈവം തന്റെ പുത്രന്റെ മാതാവാകുവാൻ തെരഞ്ഞെടുത്തത് സാധാരണക്കാരിൽ സാധാരണക്കാരിയായ മറിയത്തെ ആയിരുന്നുവല്ലോ. ദൈവത്തിന്റെ പദ്ധതികൾ മനുഷ്യർക്ക് അജ്ഞാതം എന്ന് മാത്രം.

പരിശുദ്ധ കന്യകമറിയാമിന്റെ നാമത്തിൽ നടക്കുന്ന ഈ മാഹാത്ഭുതം ആശ്വാസത്തിനും അനുഗ്രഹത്തിനും ആയി തീരട്ടെ. ആമ്മീൻ.

# ഇലവിനാമണ്ണിൽ സ്കറിയാമൽപ്പാനച്ചൻ അനശ്വരമായ ഓർമ്മക്ക് 84 വർഷം തികയുന്നു

**ഓമല്ലൂർ സൈമൺ**

ഇലവിനാമണ്ണിൽ സ്കറിയാമൽപ്പാനച്ചന്റെ അനശ്വരമായ ഓർമ്മകൾക്ക് 2010 ഏപ്രിൽ 26-ാം തീയതി 84 വർഷം തികഞ്ഞു. പരമ്പരാഗതമായ വിശ്വാസ ഗോപുരങ്ങളെ ഉലയ്ക്കുന്ന കാറ്റിലും കോളിലുംപെട്ട മലങ്കര യാക്കോബായ സഭയെ നയിച്ച ധ്രുവനക്ഷത്രമായിരുന്നു അദ്ദേഹം.

മലയാളത്തിലും സുറിയാനിയിലും അദ്ദേഹം ആരാധന ചൊല്ലുമ്പോൾ പങ്കെടുക്കുന്ന വിശ്വാസികൾ സ്വർഗ്ഗീയ ഊർശ്ലേമിലേക്ക് നയിക്കപ്പെടുന്ന പ്രതീതി ഉളവാകുകയും ചെയ്യുമായിരുന്നു. അതീവ ഹൃദ്യമായ സ്വരമാധുരിയുടെ ഉടമയായിരുന്നു.

മഹാപരിശുദ്ധനായ ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവാ തിരുമേനി കാലം ചെയ്ത മഞ്ഞനിക്കര മാർസ്തേഫാനോസ് കത്തീഡ്രലിന്റെ സ്ഥാപകൻ അദ്ദേഹമായിരുന്നു. മലയാളവർഷം 1101 മേടം 13-ാം തീയതി ഓശനഞായറാഴ്ച വൈകിട്ട് 4 മണിക്ക് അദ്ദേഹം ദൈവസന്നിധിയിലേക്ക് വാങ്ങിപോകുമ്പോൾ 51 വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഒരു നൂറ്റാണ്ടുകൊണ്ട് ചെയ്തുതീർക്കേണ്ട മഹത്തായ കാര്യങ്ങളാണ് പരിമിതമായ കാലംകൊണ്ട് ചെയ്തുതീർത്തത്.

പുരാതനവും പ്രസിദ്ധവും വൈദീകപാരമ്പര്യവും ഉള്ള ഇലവിനാമണ്ണിൽ കുടുംബത്തിൽ കുറിയാക്കോസ് കോറെപ്പിസ്ക്കോപ്പായുടെ മൂത്ത പുത്രനായി സ്കറിയാ മലയാളവർഷം 1049 ഇടവമാസത്തിൽ ജനിച്ചു. ചെറുപ്പത്തിൽ തന്നെ സ്കറിയാ സ്വപിതാവിനോടൊപ്പം വിശുദ്ധ കുർബാനയിൽ ശുശ്രൂഷകനായി പങ്കെടുക്കുമായിരുന്നു. ഓമല്ലൂർ സെന്റ് തോമസ് വലിയ പള്ളിയിൽവച്ച് പരിശുദ്ധനായ പരുമല കൊച്ചു തിരുമേനി ബാലനായ സ്കറിയയെ കണ്ടുമുട്ടി. അതു സ്കറിയായുടെ ജീവിതത്തിൽ ഒരു വഴിതിരിവായിരുന്നു. സ്കറിയായുടെ സ്വരമാധുരിയും ഉച്ചാരണശുദ്ധിയും, വിനയവും ഭക്തിനിർഭരമായ പെരുമാറ്റവും തിരുമേനിയെ ആകർഷിച്ചു. ബാലനായ സ്കറിയായെ വൈദീകനാക്കണമെന്ന് തിരുമേനി കുറിയാക്കോസ് കോറെപ്പിസ്ക്കോപ്പോയോടു കല്പിച്ചു. 13-ാമത്തെ വയസ്സിൽ സ്കറിയായെ തിരുമേനി ശെമ്മാശപട്ടം നൽകി അനുഗ്രഹിച്ചു. പരുമല തിരുമേനിയുടെ അനുഗ്രമാണ് മൽപ്പാനച്ചന്റെ ജീവിതവിജയത്തിന്റെ അസ്ഥിവാരം.

തിരുമേനിയുടെ നിർദ്ദേശപ്രകാരം ശെമ്മാശൻ പരുമല സെമിനാരിയിൽ ചേർന്ന് പഠിച്ചു വൈദീകവിദ്യാഭ്യാസം പൂർത്തിയാക്കി. പരുമല തിരുമേനിയിൽ നിന്ന് കശ്ശീശാപട്ടം സ്വീകരിച്ചതിനുശേഷം കോട്ടയം പഴയ സെമിനാരിയിൽ സുറിയാനി അദ്ധ്യാപകനായി നിയമിതനായി. ചുരുങ്ങിയ കാലംകൊണ്ട് അദ്ദേഹം എല്ലാവരുടെയും പ്രശംസാപാത്രമായി. കോട്ടയത്തുനിന്ന് പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന 'സുറിയാനി സുവിശേഷകൻ' എന്ന മാസികയുടെ പ്രധാന പത്രാധിപർ മൽപ്പാനച്ചനായിരുന്നു. മീഖായേൽ മാർ ദിവന്നാസിയോസ് പാറേട്ടു മാത്യൂസ് മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്താമാർ മൽപ്പാനച്ചന്റെ ശിഷ്യന്മാരിൽ ചിലർ മാത്രമാകുന്നു.

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും സിംഹാസനത്തിൽ വാണരുളിയിരുന്ന അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ തിരുമേനി മലങ്കര സന്ദർശിച്ചു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ നേതൃത്വത്തിൽ ചില തല്പരകക്ഷികൾ ബാവാ തിരുമേനിയെ ധിക്കരിക്കുകയും പള്ളി സന്ദർശനത്തിനു തടസ്സം സൃഷ്ടിക്കുകയും ചെയ്തു. ഇതെതുടർന്ന് മലങ്കര സഭ രണ്ടായി പിളർന്നു. ബാവായെ അനുകൂലിക്കുന്നവർ ബാവാകക്ഷി എന്നും വട്ടശ്ശേരി മെത്രാച്ചനെ അനുകൂലിക്കുന്നവർ മെത്രാൻകക്ഷി എന്നും അറിയപ്പെടാൻ തുടങ്ങി. സ്കറിയാമൽപ്പനാച്ചൻ പരമ്പരാഗതമായ വിശ്വാസത്തിൽ അബ്ദുള്ളാ പാത്രിയർക്കീസ് ബാവായുടെ നേതൃത്വത്തിൽ ഉറച്ചുനിന്നു. മറ്റു കക്ഷിയുടെ നേതാവ് വട്ടശ്ശേരി മെത്രാച്ചനായിരുന്നു.

സഭ രണ്ടായി പിളർന്നതിനുശേഷം മൽപ്പാനച്ചൻ പഴയ സെമിനാരിയിലെ ജോലി രാജിവച്ചു. ഓമല്ലൂരിലേക്ക് മടങ്ങി. എന്നാൽ അദ്ദേഹത്തെ പഴയ സെമിനാരിയിലേക്ക് തിരികെകൊണ്ടുവരാൻ വട്ടശ്ശേരി മെത്രാച്ചൻ ഒരു വിഫലശ്രമം നടത്തി. പരമ്പരാഗതമായ വിശ്വാസത്തിൽ മായംചേർക്കാൻ മൽപ്പാനച്ചൻ തയ്യാറായില്ല. പഴയ സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന ബാവാകക്ഷിക്കാരായ ശെമ്മാശന്മാർ മൽപ്പാനച്ചന്റെ കൂടെകൂടി. ഗുരുകുല രീതിയിൽ അദ്ദേഹം ശെമ്മാശന്മാരെ ഭവനത്തിൽ കൂടെ താമസിപ്പിച്ചു പഠനം തുടർന്നു. ഇതോടൊപ്പം തെക്കും വടക്കുമുള്ള ബാവാകക്ഷിക്കാരെ സംഘടിപ്പിക്കാനും സത്യസ്ഥിതി അവരെ പറഞ്ഞു മനസ്സിലാക്കാനും അദ്ദേഹം സമയം കണ്ടെത്തി.

കൂട്ടത്തിൽ പറയട്ടെ വട്ടശ്ശേരി മെത്രാച്ചൻ റമ്പാനായിരുന്നപ്പോൾ പഴയ സെമിനാരിയിൽ മൽപ്പാനച്ചന്റെ സഹാധ്യാപകനും സ്നേഹിതനുമായിരുന്നു. എന്നാൽ ഭിന്നിപ്പിനുശേഷം വട്ടശ്ശേരി മെത്രാച്ചൻ വെച്ചുനീട്ടിയ സ്ഥാനമാനങ്ങളും ഭൗതികനേട്ടങ്ങളും മൽപ്പാനച്ചൻ നിഷ്കരുണം നിരസിക്കുകയാണുണ്ടായത്.

സമുദായ കേസിനെ തുടർന്ന് ഓമല്ലൂർ, കൈപ്പട്ടൂർ തുടങ്ങിയ വലിയപള്ളികളിലും ഭിന്നിപ്പിന്റെ അലയടികൾ ഉണ്ടായി. മഞ്ഞിനിക്കര കുന്നിന്റെ മുകളിൽ ബാവാകക്ഷിക്കാർക്ക് മാത്രമായി ഒരു പള്ളി സ്ഥാപിക്കാൻ മൽപ്പാനച്ചൻ ആഗ്രഹിച്ചു. തിരുവനന്തപുരത്തു പോയി പള്ളിയും ശവക്കോട്ടയ്ക്കും ഗവൺമെന്റിൽ നിന്നും അനുവാദം വാങ്ങി. സ്വന്തം പറമ്പിൽനിന്ന് തടികളും കല്ലുംമറ്റും സംഭരിച്ചു. പള്ളിപണി ആരംഭിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ പിൻതിരിപ്പിക്കാൻ പലരും

ശ്രമിച്ചു. ദൃഢചിത്തനും ശുഭാപ്തിവിശ്വാസിയുമായ അദ്ദേഹത്തെ ആർക്കും പിൻതിരിപ്പിക്കാൻ കഴിഞ്ഞില്ല. പള്ളിപണി നടന്നുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം പറയുമായിരുന്നു ഈ കൊച്ചുപള്ള കാലാന്തരത്തിൽ ഒരു വലിയ പള്ളിയായി തീരുമെന്ന്. റോമാനഗരം ഒരു ദിവസംകൊണ്ട് പണിയപ്പെട്ടതല്ലെന്നുള്ള ഇംഗ്ലീഷ് പഴമൊഴി (Roma was not build in a day) ഉദ്ധരിച്ചു ജനങ്ങളെ അദ്ദേഹം ബോധവാന്മാരാക്കി തീർത്തു. മഞ്ഞിനിക്കര കുന്നിന്റെ മദ്ധ്യഭാഗത്ത് പള്ളിപണിയാതെ തെക്കെ അറ്റത്ത് പണിയുന്നത് എന്താണെന്നുള്ള ചോദ്യത്തിന് അദ്ദേഹം പറഞ്ഞു കാലാന്തരത്തിൽ മദ്ധ്യഭാഗത്തു മറ്റൊരു പള്ളികൂടി പണിയാമല്ലോ. 1932 ൽ ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവാ തിരുമേനിയുടെ മഞ്ഞിനിക്കര സന്ദർശനത്തോടുകൂടി മൽപ്പാനച്ചന്റെ പ്രവചനം ഫലിച്ചു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത അപ്പോൾ മാത്രമാണ് ജനങ്ങൾക്ക് ബോദ്ധ്യമായത്. പാത്രിയർക്കീസ് ബാവായുടെ ഭൗതീകശരീരം കബറക്കപ്പെട്ടിട്ടുള്ള മലങ്കരയിലെ ഏക പള്ളി മഞ്ഞിനിക്കര മാർ സ്തേഫാനോസ് പള്ളിമാത്രമാണ്.

ബാവാകക്ഷിയുടെ പൊതുവെയും തെക്കൻ ഭദ്രാസനങ്ങൾക്കും പ്രത്യേകിച്ചും നേതൃത്വം കൊടുത്തു. ഊണും ഉറക്കവും വെടിഞ്ഞുള്ള പ്രവർത്തനം മൽപ്പാനച്ചനെ രോഗിയാക്കി. അക്കാലത്ത് ഇന്നത്തെപോലെയുള്ള ചികിൽസാസൗകര്യങ്ങളൊ യാത്രാസൗകര്യങ്ങളോ ഇല്ലായിരുന്നു.

പ്രഖ്യാതമായ വട്ടിപ്പണക്കേസ്സിൽ ബാവാകക്ഷിക്കുവേണ്ടി കോടിതിയിൽ ഹാജരായി വാദിച്ചത് അഡ്വക്കേറ്റ് സി.പി. രാമസ്വാമി അയ്യരാണ്. അദ്ദേഹത്തെ അസിസ്റ്റുചെയ്യാൻ ബാവാകക്ഷി നിയോഗിച്ചത് മൽപ്പാനച്ചനെ ആയിരുന്നു. നിരവധി രേഖകൾ സുറിയാനിയിൽനിന്ന് പരിഭാഷപ്പെടുത്തി കൊടുത്തത് അദ്ദേഹമാണ്.

മഞ്ഞിനിക്കര പള്ളിയുടെ പണിപൂർത്തിയായപ്പോൾ ഇടവകമെത്രാപ്പോലീത്തായുടെ അനുവദത്തോടുകൂടി പള്ളി മൽപ്പാനച്ചൻ താൽക്കാലികമായി കൂദാശ ചെയ്തു ആദ്യകുർബാന അർപ്പിച്ചു. രണ്ടാമതായി കുർബാന അർപ്പിച്ചത് അദ്ദേഹത്തിന്റെ മൂത്ത പുത്രൻ ഇലവിനാമണ്ണിൽ കുറിയാക്കോസ് കശ്ശീശാ ആയിരുന്നു.

1101 മേടം 13-ാം തീയതി ഓശാന ഞായറാഴ്ച മൽപ്പാനച്ചന്റെ രോഗം അതീവ ഗുരുതരമായിത്തീർന്നു. ഏതുസമയത്തും എന്തും സംഭവിക്കാമെന്നുള്ള നിലസംജാതമായി. എങ്കിൽപോലും അദ്ദേഹം പുത്രനായ കുറിയാക്കോസ് കശ്ശീശായെ അരികിൽ വിളിച്ചു ഓശാന ശുശ്രൂഷകൾ മഞ്ഞിനിക്കരപള്ളിയിൽ യഥാവിധി നടത്താൻ നിർദ്ദേശിച്ചു. ഓശാന ശുശ്രൂഷകവിഞ്ഞ ആബാലവൃദ്ധം ജനങ്ങൾ വാഴ്ത്തിയ കുരുത്തോലകളുമായി മൽപ്പാനച്ചന്റെ രോഗകിടക്കു സമീപം തിങ്ങികൂടി. മറ്റു സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ വന്നുകൊണ്ടിരുന്നു. പ്രാർത്ഥന ചൊല്ലാൻ അദ്ദേഹം എല്ലാവരോടും നിർദ്ദേശിച്ചു. പ്രാർത്ഥനാമദ്ധ്യേ 'നീതിമാന്റെ മരണം ഉറക്കംപോലെ' എന്ന വാക്യം അന്വർത്ഥം ആക്കിക്കൊണ്ട് മൽപ്പാനച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായി.

മൽപ്പാനച്ചന്റെ മൂത്തപുത്രനായ ഇലവിനാമണ്ണിൽ കുറിയാക്കോസ് കശ്ശീശാ മാർ സ്തേഫാനോസ് പള്ളിയുടെ പ്രഥമ വികാരി എന്നുള്ള നിലയിൽ അര നൂറ്റാണ്ടിൽപരം പ്രശസ്ത സേവനം നടത്തി. അദ്ദേഹത്തിന്റെ ക്ഷണപ്രകാരമാണ് ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവാ മഞ്ഞനിക്കര പള്ളി സന്ദർശിച്ചത്. രോഗിയായ ബാവാ തിരുമേനി മഞ്ഞിനിക്കര പള്ളിയിൽ കാലംചെയ്തു. മൽപ്പാനച്ചന്റെ സ്വന്തം സ്ഥലത്താണ് ബാവാതിരുമേനിയുടെ ഭൗതികശരീരം കബറടക്കിയത്.

മൽപ്പാനച്ചന്റെ ഇളയ സഹോദരന്റെ പുത്രനാണ് സുപ്രസിദ്ധ സുവിശേഷ പ്രാസംഗികനായിരുന്ന ഇ. ഒ. തോമസ് കോറെപ്പിസ്ക്കോപ്പാ. അദ്ദേഹത്തിന്റെ ഇളയ പുത്രനാണ് ഇപ്പോഴത്തെ തുമ്പമൺ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ തിരുമേനി. മാർ സ്നോഫാനോസ് കത്തീഡ്രലിന്റെ ഇപ്പോഴത്തെ വികാരി ഇലവിനാമണ്ണിൽ ഇ. കെ. മാത്യൂസ് കോറെപ്പിസ്ക്കോപ്പായും അസിസ്റ്റ് വികാരി അദ്ദേഹത്തിന്റെ ഇളയ സഹോദരൻ ഇ.കെ. കുറിയാക്കോസ് കശ്ശീശായും ആണ്. മെഴുവേലി പള്ളി വികാരിയായ ഏലിയാസ് ജോർജ്ജ് കശ്ശീശാമൽപ്പാനച്ചന്റെ മറ്റൊരു പിൻഗാമിയാണ്.

ആലുവായിലെ സെറ്റിൽമെന്റ് സ്ഥാപകനായ ഹുപ്പർസായിപ്പു ഒരിക്കൽ പറഞ്ഞു "നീ അക്കരെ കടക്കുമ്പോൾ മറ്റുള്ളവർക്ക് കണ്ട് പുറകെ വരത്തക്കവണ്ണം ഒരു കാലടയാളം അവശേഷിപ്പിച്ചിട്ടു പോകണം." മറ്റുള്ളവർക്ക് പുറകെ വരത്തക്കവണ്ണം ഒരു കാലടയാളം അവശേഷിപ്പിച്ചിട്ടാണ് മൽപ്പാനച്ചൻ ദൈവസന്നിധിയിലേക്ക് വാങ്ങിപോയത്. അദ്ദേഹത്തിന്റെ പിൻഗാമികൾ എല്ലാവരും ആ കാലടിപാടുകൾ പിൻതുടർന്നുവരുന്നു.

## അടൂർ, വടക്കടത്തുകാവ്, മിഖായേൽ മാർ ദിവന്നാസ്യോസ് ഐ.റ്റി.സിയിൽ അഡ്മിഷൻ ആരംഭിച്ചു

കേന്ദ്ര ഗവൺമെന്റിന്റെ (NCVT) ഐ.റ്റി.ഐ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആഗസ്റ്റ് മാസം മുതൽ ആരംഭിക്കുന്നു. പ്രവേശനത്തിന് അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 17 വരെയാണ്. ഇലക്ട്രീഷ്യൻ (2 വർഷം), ഫിറ്റർ (2 വർഷം), ഡ്രാഫ്റ്റ്മാൻ-സിവിൽ (2 വർഷം), മെക്കാനിക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് (6 മാസം), ആട്ടോ മൊബൈൽ & ഡ്രൈവിംഗ് (6 മാസം) വിദ്യാർത്ഥികൾക്കെല്ലാം ബസ് കൺസഷൻ ലഭിക്കുന്നതും SC/ST വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റും വിമുക്തഭടർ, തോട്ടം തൊഴിലാളികളുടെ മക്കൾ തുടങ്ങിയവർക്ക് മറ്റ് സർക്കാർ ആനുകൂല്യങ്ങളും ലഭ്യമാകുന്നതാണ്.

## ബിനുവിന്റെ മരണവും അന്വേഷണ വിധേയമാക്കണം

പെരുമ്പാവൂർ ബഥേൽ സൂലോക്കോപ്പള്ളി പെരുന്നാളിന് മുൻകൂട്ടിയുള്ള മലങ്കര വറുഗീസ് കാർ കയറ്റി മനഃപൂർവ്വം ഓർത്തഡോക്സ് വിഭാഗത്തിന്റെ തീരുമാനപ്രകാരവും കൊല ചെയ്ത യാക്കോബായ യൂത്ത് അസ്സോസിയേഷൻ പ്രവർത്തകൻ ഞെളിയൻ പറമ്പിൽ ബിനുവിന്റെ കൊലപാതകവും ഒപ്പമുണ്ടായിരുന്ന എൽദോസ്, സജി എന്നിവരെ കാർ ഇടിച്ചുകയറ്റി കൊല ചെയ്യാൻ ശ്രമിച്ചതും ഭരണതലത്തിലെ ഉന്നത ഇടപെടലുകൾ മൂലം പോലീസ് നിഷ്ക്രിയമാകുകയും ലഘുവായ കുറ്റംമാത്രം ചുമത്തി കേസ് ലഘൂകരിക്കുകയുമായിരുന്നു. എന്നാൽ ഇതെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി വറുഗീസിനോടൊപ്പം ഗൂഢാലോചനയിൽ പങ്കുകൊണ്ട ഓർത്തഡോക്സ് നേതാക്കളേയും കൊലപാതകത്തിനു കൂട്ടുനിന്ന ഗുണ്ടകളേയും കസ്റ്റഡിയിലെടുക്കുകയും പുനരന്വേഷണം നടത്തി കേസ് പുനഃരുജ്ജീവിപ്പിക്കണമെന്നും പ. സിനഡ് ആവശ്യപ്പെട്ടു.

## മലങ്കര വറുഗീസ് വധം: വിശദീകരണയോഗം കോടതിയലക്ഷ്യം; വറുഗീസിനെ ഓർത്തോഡ്ക്സ് സഭ അപമാനിക്കുന്നു.

മലങ്കര വറുഗീസ് വധവുമായി ബന്ധപ്പെട്ട കേസുകൾ കോടതിയിലും സിബിഐ അന്വേഷണത്തിലുമായിരിക്കെ യാക്കോബായ സഭയെ അപകീർത്തിപ്പെടുത്താനുള്ള ദുഷ്ടലാക്കോടെ 6 ന് പുതുപ്പള്ളിയിൽ നടന്ന വിശദീകരണയോഗവും മറ്റു ധർണകളും കോടതിയലക്ഷ്യവും സമ്മർദ്ദതന്ത്രവുമാണ്. തെളിവുകൾ ഉണ്ടെങ്കിൽ കോടതിയിൽ ഹാജരാക്കുന്നതിനുപകരം കള്ളപ്രചരണങ്ങൾ നടത്തി പൊതുജനത്തെ തെറ്റിദ്ധരിപ്പിച്ച് യാക്കോബായ നേതൃത്വത്തെ കരിതേച്ചു കാണിക്കുന്ന നടപടികൾ ഇനി തുടരാൻ അനുവദിക്കില്ലെന്ന് സോസിന്റെ പ്രസിഡന്റ് അലക്സാണ്ടർ കാരയ്ക്കാട് പ്രസ്താവിച്ചു.

വറുഗീസിന്റെ ശവംവെച്ച് മുതലെടുപ്പ് നടത്തുവാൻ മനഃസാക്ഷിയില്ലാത്ത കാതോലിക്കാവിഭാഗത്തിനുമാത്രമേ കഴിയൂ. വറുഗീസിന്റെ ഭാര്യ സാറാമ്മയെ വെച്ച് മുതലെടുപ്പ് നടത്തുന്നതും തന്റെ ഭർത്താവിനെ നിരന്തരമായി അപമാനിക്കുന്നതും പാവം ഭാര്യ മനസ്സിലാക്കുന്നില്ല. ശവംവെച്ച് നടത്തുന്ന വിലപേശൽ ഹീനവും വ്യക്തിഹത്യയുമാണ്. ഏറ്റവും ഒടുവിൽ ഭാര്യ സാറാമ്മ കൊടുത്ത കേസിലെ സത്യാവാങ്മൂലം സ്വന്തം ഭർത്താവിനു കുര്യാക്കോസ് വധക്കേസുമായി ബന്ധപ്പെട്ട് 1993 മുതൽ വധഭീഷണിയുണ്ടായിരുന്നെന്നും പല പ്രാവശ്യം അക്രമണത്തിനു തുനിഞ്ഞെന്നും കാണിച്ചിരിക്കുന്നത് സ്വന്തം ഭർത്താവ് ബിനുവിന്റെ മാത്രമല്ല കുര്യാക്കോസിന്റെ വധത്തിലും ബന്ധമുള്ളതാണെന്നു സമ്മതിച്ചിരിക്കയാണ്. ഭർത്താവ് തന്നോടു വെളിപ്പെടുത്തിയ രഹസ്യമായിരിക്കാം ഭാര്യ സത്യവാങ്മൂലത്തിൽ കാണിച്ചിരിക്കുന്നത്. ഫോറസ്റ്റ് തടി ഉൾപ്പെടെ നടത്തിയ ബിസ്സിനസ്സിലെ കുടിപ്പകയായിരിക്കാം ഇത്തരത്തിൽ മലങ്കര വറുഗീസിനു ഭീഷണി ഉയർത്തിയത്. എന്തായാലും തന്റെ ഭർത്താവിന്റെ ക്രമിനൽ പശ്ചാത്തലം സാറാമ്മ വെളിപ്പെടുത്തിയിരിക്കയാണ്.

2002 ഒക്ടോബർ 2 ന് അംഹിസയുടെ പ്രചാരകനായ മഹത്മാഗാന്ധിയുടെ ജന്മദിനത്തിൽ പെരുമ്പാവൂർ ബഥേൽ സുലോക്കോ പള്ളി പെരുന്നാളിൽ സംബന്ധിക്കാൻ വന്നുകൊണ്ടിരുന്ന യാക്കോബായയാ യുവാവ് ബിനുവിനേയും കൂട്ടുകാരേയും പൂർവ്വവൈരാഗ്യം തീർക്കാൻ കാർ ഇടിച്ച് വീഴ്ത്തുകയും ബിനുവിന്റെ ശരീരത്തു മൂന്നുപ്രാവശ്യം തന്റെ കാർ മുന്നോട്ടും പിന്നോട്ടും കയറ്റിയിറക്കി മരണം ഉറപ്പുവരുത്തുകയും മറ്റു യുവാക്കളെ പരുക്കേല്പിക്കുകയും ചെയ്ത മലങ്കര വറുഗീസ് നിർദയനും ക്രിമിനൽ സ്വഭാവവുമുള്ളവനുമായിരുന്നെന്ന് തർക്കമറ്റ സംഗതിയാണ്. ഉന്നത രാഷ്ട്രീയ ബന്ധവും പണത്തിന്റെ ഹുങ്കും സാമുദായിക പിൻബലവുമാണ് വറുഗീസിന് ഈ ഹീനകൃത്യം നടത്താൻ പ്രേരകശക്തിയായ ചേതോവികാരം.

ബിനുവിന്റെ കേസ് അപകടമാക്കി പോലീസ് രജിസ്റ്റർ ചെയ്തതിൽ സമുദായ നേതൃത്വവും ഉമ്മൻചാണ്ടിയും സഹായിച്ചു എന്നത് മലങ്കര വറുഗീസ് തന്നെ അതിനുശേഷം പരസ്യമായി പ്രസ്താവിക്കുകയും ഓർത്തഡോക്സ് സഭക്കെതിരെ കളിച്ചാൽ ഇതായിരിക്കും അനുഭവമെന്നും ഒരു കേസുമുണ്ടാകില്ലെന്നും പരസ്യമായി ഭീഷണിപ്പെടുത്തുകയും ചെയ്തത് തള്ളിക്കളയാനാവില്ല.

കേസ് കോടതിയിലിരിക്കെ യാക്കോബായ സഭയെ പ്രതിക്കൂട്ടിലാക്കാൻ നടത്തുന്ന ഹീനമായ ശ്രമങ്ങളും കള്ളപ്രചരണങ്ങളും യാക്കോബായ സഭയെ അപകീർത്തിപ്പെടുത്തുക മാത്രമല്ല നീതി-ന്യായ വ്യവസ്ഥയെ അവഹേളിക്കുക കൂടിയാണ്.

## പ. അത്താനാസിയോസ് വലിയ തിരുമേനിയുടെ മെത്രാഭിഷക ശതാബ്ദി ജൂൺ 13 ന് ആലുവയിൽ ആഘോഷിച്ചു

അകപ്പറമ്പ് മോർ ശാബോർ അഫ്രോത്ത് പള്ളിയിൽ ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി. അഞ്ചിന്മേൽ കുർബ്ബാനക്കുശേഷം ഉച്ചയ്ക്ക് 2 ന് ആലുവായിലേക്ക് വാഹനഘോഷയാത്രയും തുടർന്ന് പൊതുസമ്മേളനവും നടന്നു. ശ്രേഷ്ഠ ബാവാതിരുമേനി അദ്ധ്യക്ഷത വഹിച്ചു. സഭയിലെ മെത്രാപ്പോലീത്താമാർ, മന്ത്രിമാർ, സാമൂഹ്യ-സാമുദായിക നേതാക്കൾ തുടങ്ങിയവർ ആശംകൾ അർപ്പിച്ചു. വിശ്വാസസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ 1000 കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കി.

### പ. വലിയ തിരുമേനി

അകപ്പറമ്പ് പൈനാടത്ത് കുറ്റിക്കാട്ടിൽ മത്തായിയുടേയും കുഞ്ഞന്നയുടേയും മൂന്നാമത്തെ പുത്രനായി 1869 ജനുവരി 23 ന് ഭൂജാതനായി. 1879 ഏപ്രിൽ 21 ന് അമ്പാട്ട് ഗീവറുഗീസ് മാർ കൂറിലോസിൽനിന്ന് കോറൂയോ പട്ടവും 1898 നവംബർ 25 ന് കശ്ശീശാപട്ടവും 28 ന് റമ്പാൻ സ്ഥാനവും ലഭിച്ചു. 1910 ജൂൺ 9

ന് പ. അബ്ദുള്ള, പാത്രിയർക്കീസ് ബാവ മെത്രാപ്പോലിത്തായാക്കി. 1918 ജനുവരി 31 ന് ആലുവാ തൃക്കുന്നത്ത് സിമ്മിനാരിയിൽകൂടിയ മലങ്കര പള്ളി പ്രതിപുരുഷയോഗം മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ്. അങ്കമാലി, കോട്ടയം, കൊച്ചി, കൊല്ലം, തുമ്പമൺ, നിരണം ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായിരുന്നു. 1953 ജനുവരി 25 ന് കാലം ചെയ്ത് ആലുവാ തൃക്കുന്നത്ത് സിമ്മിനാരിയിൽ കബറടക്കപ്പെട്ട തിരുമേനിയുടെ മദ്ധ്യസ്ഥതയാൽ അനേകർ ദൈവീക കൃപകളും കാര്യസാദ്ധ്യങ്ങളും നേടി. നിഷ്ക്കളങ്കനും പ്രാർത്ഥനാജീവിതത്തിന്റെ ഉടമയും ധ്യാനഗുരുവും ഒക്കെയായിരുന്ന തിരുമേനിയെ 2004 ആഗസ്റ്റ് 24 ന് പ. സാഖാ പ്രഥമൻ ബാവ വിശുദ്ധനായി പ്രഖ്യാപിച്ചു. 2009 സെപ്റ്റംബർ 18 ന് നാമം തുബ്ദേനിൽ ഓർക്കുവാൻ പ. ബാവ അനുവദിച്ചു. ഏവർക്കും മാതൃകയായിരുന്ന തിരുമേനി പ. സഭയെ വളർത്തുന്നതിലും സത്യവിശ്വാസം നിലനിർത്തുന്നതിലും ജാഗരൂകനായിരുന്നു.

### കല്ലൂപറമ്പിൽ ഗീവറുഗീസ് കശ്ശീശ പൗരോഹിത്യ വജ്രജൂബിലി നിറവിൽ

മലങ്കര സഭയ്ക്ക് ആകമാനം ആദരണീയനായ വന്ദ്യ കല്ലൂപ്പറമ്പിൽ ഗീവറുഗീസച്ചൻ പൗരോഹിത്യ വജ്രജൂബിലി ആഘോഷിക്കുകയാണ്. 1924 ഓഗസ്റ്റ് 15 ന് വി.ഐ. മാത്തന്റെ കനിഷ്ഠപുത്രനെ 1931 ൽ പള്ളം മാർ ഇഗ്നാത്തിയോസ് പള്ളിയിൽവെച്ച് ഏഴാമത്തെ വയസ്സിൽ പരിശുദ്ധനായ ഏലിയാസ് തൃതിയൻ ബാവ ദൈവവിളി അറിയിച്ച് ശെമ്മാശ്ശപട്ടം നൽകി. തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളജിൽനിന്ന് ഫിലോസഫിയിൽ എം.എ. പാസ്സായി. മദ്രാസ് യൂനിവേഴ്സിറ്റിയിൽ പി.എച്ച്.ഡി.ക്ക് ചേർന്നെങ്കിലും പൂർത്തീകരിക്കാതെ 1948 ൽ സി.എം.എസ് കോളജിൽ അധ്യാപകനായി.

പ. ഏലിയാസ് ബാവയാണ് പട്ടം നൽകിയത്. ഓക്സ്ഫോർഡിൽ ദൈവശാസ്ത്രത്തിന് ഉപരിപഠനത്തിനു ക്ഷണം ലഭിച്ചെങ്കിലും പാശ്ചാത്യ ദൈവശാസ്ത്രം പഠിക്കാൻ പോകണ്ട എന്ന പ. അപ്രേം പ്രഥമൻ ബാവയുടെ കല്പന അനുസരിക്കുകയായിരുന്നു. ആറുവർഷക്കാലം കോതമംഗലം എം.എ. കോളജിൽ പ്രിൻസിപ്പലായി സേവനുമനുഷ്ഠിച്ചു.

ദീർഘ ദർശനവും ഉൾക്കാഴ്ചയും വിശ്വാസതീക്ഷ്ണതയും ലളിതജീവിതവും ആരാധനാഭംദിയും ഭക്തിയും തുടങ്ങി ശ്രേഷ്ഠ സ്വഭാവത്തിനും ജീവിതത്തിനും ഉടമയായ അച്ചൻ സഭാവൈദീക ട്രസ്റ്റിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബഹു. അച്ചൻ ഏവർക്കും ആദരണീയനും മാതൃകയുമായിരുന്നു. യാക്കൂബ്യന്റെ ആശംസകൾ.

### പുണ്യശ്ലോകനായ ബന്ന്യാമിൻ ജോസഫ് മാർ ഒസ്ത്താത്തിയോസ്: പാവപ്പെട്ടവരുടെ മെത്രാപ്പോലീത്ത

പാവപ്പെട്ട കുഞ്ഞുങ്ങളുടെ പപ്പായായിരുന്ന പുണ്യ ശ്ലോകനായ മാർ ഒസ്ത്താത്തിയോസ് തിരുമേനി സഭക്കുവേണ്ടി ചാവേർ ആകാൻ ജീവിതം ഉഴിഞ്ഞുവെച്ച സത്യവിശ്വാസ സംരക്ഷകനായിരുന്നു.

സഭാമക്കൾ കഷ്ടപ്പെടുന്നയിടം കണ്ടെത്തി ഓടിയെത്തി അവരോടൊപ്പം പീഢസഹിക്കാൻ മടികാട്ടിയില്ല. ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുവാൻ, ചെന്നായ്ക്കളിൽ നിന്ന് തന്റെ അജഗണത്തെ സംരക്ഷിക്കുവാൻ, തന്റെ ജനത്തെ മുന്നിൽനിന്ന് നയിക്കാൻ ഇനിയൊരു പിതാവിനെ കിട്ടുമോ? ഇല്ലേയില്ല – ഭക്ഷണവും ഊണും ഉറക്കവും കളഞ്ഞ് സഭയ്ക്കുവേണ്ടി സഭാമക്കൾക്കുവേണ്ടി കഷ്ടതസഹിച്ച മറ്റൊരു മെത്രാനില്ല. മലേക്കുരിശും, കട്ടച്ചിറയും കാഞ്ഞിരമറ്റവും ഇങ്ങനെ എത്രയെത്ര പള്ളികൾ അദ്ദേഹത്തിന്റെ ത്യാഗമനഭോവം കൊണ്ടു തിരികെ പിടിക്കാന് കഴിഞ്ഞു. കൊടുക്കാനല്ലാതെ വാങ്ങുവാൻ പഠിച്ചിട്ടില്ലാത്ത മെത്രാപ്പോലിത്താ ആഡംബരമറിയാത്ത ഡെപ്പോസിറ്റില്ലാത്ത തിരുമേനി ഏറെ ദുഷിയും പരിഹാസവും അനുഭവിക്കേണ്ടിവന്നിട്ടുണ്ട് എന്നതും യാഥാർത്ഥ്യമാണ്. എന്നാൽ തന്റെ നിലപാടുകളിൽനിന്ന് അണുവിട വ്യതിചലിപ്പിക്കാൻ ഇതിനൊന്നും കഴിഞ്ഞില്ല. സത്യവിശ്വാസത്തിന്റെ കാര്യത്തിൽ 'നീറ്' ആയിരുന്നു തിരുമേനി.

അഭിപ്രായങ്ങളിൽ ഉടുമ്പിന്റെ സ്വഭാവവും, ജാതിമതഭേദം അദ്ദേഹത്തിനില്ലായിരുന്നു. പട്ടികജാതി കുടിലുകളിലും ക്ഷണമനുസരിച്ച് വിവാഹത്തോടും മറ്റും അനുബന്ധിച്ച് പോകുമായിരുന്നു. വലിയ സാമൂഹ്യബന്ധം ഉണ്ടായിരുന്ന തിരുമേനി മാധ്യമങ്ങളിൽ നിറഞ്ഞുനിന്നിരുന്നു.

സുറിയാനി, ഇംഗ്ലീഷ്, അറബി ഭാഷകളിൽ വലിയ പാണ്ഡിത്യമുണ്ടായിരുന്നു. പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. പുണ്യ ശ്ലോകനായ മർക്കോസ് മാർ കൂറിലോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ മെയ് 27–30 വരെ പങ്ങട സെന്റ് മേരീസ് പള്ളിയിൽ കൊണ്ടാടി.



തേക്കാട്ടിൽ ഏബ്രഹാം കോർ എപ്പിസ്കോപ്പായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി സമ്മേളനം റാന്നിയിൽ ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ ഉദ്ഘാടനം ചെയ്യുന്നു. തേക്കാട്ടിൽ ഏബ്രഹാം കോർ എപ്പിസ്കോപ്പാ ഫാ. ഡോ. ബെൻസി മാത്യു, രാജു ഏബ്രഹാം എം.എൽ.എ., ആർച്ച് ബിഷപ്പ് യുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മോർ ബർന്നബാസ് മെത്രാപ്പോലീത്ത, ഗീവർഗീസ് മോർ അത്താനാസിയോസ് മെത്രാപ്പോലിത്താ, മാത്യൂസ് മോർ തേവോദോസിയോസ് മെത്രാപ്പോലീത്താ, ആലിച്ചൻ ആറൊന്നിൽ, ആന്റോ ആന്റണി എം.പി. എന്നിവർ സമീപം.

## ആദരാഞ്ജലികൾ



## കമാൻഡർ ബാർ ഈത്തോ മഹൈമനോ ഡോ. പി.എ. ജേക്കബ്

തിരുവല്ല: പോബ്സ് ഗ്രൂപ്പ് ചെയർമാൻ പടിഞ്ഞാറ്റോതര പള്ളിയമ്പിൽ പനച്ചയിൽ കമാൻഡർ ഡോ. പി.എ. ജേക്കബിന്റെ (69) സംസ്കാരം ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ കാർമികത്വത്തിൽ ഓതറ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടത്തി. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്ത, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവാ, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, ഗീവർഗീസ് മാർ തിമോത്തിയോസ്, മാത്യൂസ് മാർ ഇവാനിയോസ്, മാത്യൂസ് മാർ അപ്രേം, കുര്യാക്കോസ് മാർ ഗ്രിഗോറിയോസ്, കുര്യാക്കോസ് മാർ ഇവാനിയോസ്, മാർ മാത്യു, തോമസ് മാർ അത്തനാസിയോസ് മന്ത്രിമാരായ പി.കെ. ഗുരുദാസൻ, മുല്ലക്കര രത്നാകരൻ, എം.പി.മാരായ പി.ടി. തോമസ്, കൊടിക്കുന്നിൽ സുരേഷ് പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, എം.എൽ.എ.മാരായ പി.ജെ. ജോസഫ്, മാത്യു ടി. തോമസ്, മാങ്ങോട് രാധാകൃഷ്ണൻ, ഇ.എസ്. ബിജിമോൾ, കെ.കെ. ഷാജു, തോമസ് ചാഴിക്കാടൻ, ജോസഫ് എം. പുതുശ്ശേരി, ടി.വി. കുരുവിള, ബിജെപി സംസ്ഥാന പ്രസിഡന്റ് വി. മുരളീധരൻ, വൈസ് പ്രസിഡന്റ് പ്രതാപചന്ദ്ര വർമ തുടങ്ങിയവർ സംസ്കാര ചടങ്ങിൽ പങ്കെടുത്തു. പോബ്സ് ഗ്രൂപ്പിന്റെ സ്ഥാപകനും ചെയർമാനും ക്രാന്തദർശിയായ വ്യവസായ സംരംഭകനുമായ തിരുവല്ല പടിഞ്ഞാറ്റോതര പള്ളിയമ്പിൽ പനച്ചയിൽ പരേതരായ ഉതുപ്പ് എബ്രഹാമിന്റെയും വടക്കേടത്ത് ശോശാമ്മ എബ്രഹാമിന്റെയും മകൻ ഡോ. പി.എ. ജേക്കബ് നിലയ്ക്കൽ എക്യുമിനിക്കൽ ട്രസ്റ്റ് മെമ്പർ, എലിഫന്റ് വെൽഫേയർ അസ്സോ. പ്രസിഡന്റ് ക്നാനായ മാനേജിംഗ് കമ്മിറ്റിയംഗം സമുദായ ട്രസ്റ്റി സെക്രട്ടറി ക്രഷർ ഓണേഴ്സ് അസ്സോ. രക്ഷാധികാരി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വെൺപാല തോട്ടപ്പുറത്ത് കുഞ്ഞുഞ്ഞമ്മയാണ് ഭാര്യ. മക്കൾ: എബ്രഹാം, തോമസ്, ജോസഫ്. മരുമക്കൾ: നിലമ്പൂർ മുണ്ടുകോട്ടയ്ക്കൽ റീബ, കൈപ്പുഴ ചാമക്കാലയിൽ ദീപ തലവടി ആഞ്ഞിമൂട്ടിൽ രശ്മി.

പി.എ. ജോസഫ്, ഷെവ. പി.ജെ. മാത്യു എന്നിവർ സഹോദരന്മാരാണ്.

**BOOK POST**

To

Sri/Smt. ..............................

..............................

..............................

..............................

Printed Matter

If undelivered please return to
Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthly
Tiruvalla P.O., PTA Dist.,
Kerala, S. India

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor: Chev. K.J. Abraham Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexandar Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website:www.yakkoobyan.org